
# കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്

(THE FIRST JUMA MASJID IN INDIAN SUB CONTINENT)



## മഹല്ല് പൊതുയോഗം 2019

**2019 മെയ് 26 ഞായറാഴ്ച രാവിലെ 9 മണിക്ക്, ചേരമാൻ ഓർഫനേജ് ഹാളിൽ**

### നോട്ടീസ്

മാന്യരെ, السلام عليكم

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് മഹല്ലിന്റെ വാർഷിക പൊതുയോഗം 26.05.2019 ഞായറാഴ്ച രാവിലെ 9 മണിക്ക് ചേരമാൻ ഓർഫനേജ് ഹാളിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. താങ്കളും കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷമെമ്പർമാരും യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു.

പൊതുയോഗത്തിന് വരുമ്പോൾ ചർച്ചകൾക്കായി ഈ റിപ്പോർട്ട് കൊണ്ടുവരേണ്ടതാണ്. പൊതുയോഗ നോട്ടീസ് മസ്ജിദിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എന്ന്,

**എസ്.എ. അബ്ദുൽ കയ്യൂം (ഒപ്പ്)**

സെക്രട്ടറി, ചേരമാൻ മഹല്ല് ഭരണസമിതി

02-05-2019

കൊടുങ്ങല്ലൂർ

# മഹല്ല് ഭരണസമിതി 2018–2020

പ്രസിഡന്റ്



ഡോ. പി.എ. മുഹമ്മദ് സഈദ്

വൈ: പ്രസിഡന്റ്



ഡോ. അബ്ദുൾ റഹ്മാൻ കെ.എ.

സെക്രട്ടറി



എസ്.എ. അബ്ദുൽ കയ്യൂം

ജോ. സെക്രട്ടറി



പി.എസ്. മുഹമ്മദ് റഷീദ്

ട്രഷറർ



കെ.എ. അബ്ദുൽ കരീം

## കമ്മറ്റി അംഗങ്ങൾ



കെ.എ. അമീർ അലി



എ.എ. ഹനീഫ



സി.കെ. അബ്ദുൾ കലാം



കെ.എം. അബ്ദുൽ റഹിമാൻ



ടി.കെ. ഹൈദ്രോസ്



ടി.എ. സിദ്ധീഖ്



എ.എ. അലിമോൻ



എ.കെ. നവാസ്



സി.എ. ഹുസൈൻ

ഓഡിറ്റേഴ്സ്



സി.എ. അബ്ദുൽ റഷീദ്



ടി.കെ. അബ്ദുൽ കരീം

റിട്ടേണിംഗ് ഓഫീസർ



സി.വൈ. സലിം

അസിസ്റ്റന്റ്
റിട്ടേണിംഗ് ഓഫീസർ



നവാസ് പടുവിങ്ങൽ

# മഹല്ല് പൊതുയോഗം - 2019

## 2019 മെയ് 26 ഞായറാഴ്ച

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചനം
4. ഉപക്രമം
5. 2018-2019 വർഷത്തെ വിദ്യാഭ്യാസ അവാർഡ് വിതരണം.
6. 10.06.2018 ൽ കൂടിയ മഹല്ല് പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് അംഗീകരിക്കൽ.
7. പ്രവർത്തന റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ്-ചെലവ് കണക്ക് (2018-2019) അവതരിപ്പിച്ച് പാസാക്കൽ
8. ചോദ്യങ്ങൾ - പ്രമേയങ്ങൾ
9. 2019-2020 ലേക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കൽ
10. 2019-2021 വർഷത്തേക്കുള്ള മഹല്ല് ആഡിറ്റർമാരെ തെരഞ്ഞെടുക്കൽ.
11. അദ്ധ്യക്ഷൻ അനുവദിക്കുന്ന കാര്യങ്ങൾ
12. ഉപസംഹാരം
13. നന്ദി

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി

**ചോദ്യങ്ങൾ പ്രമേയങ്ങൾ തുടങ്ങിയവ 21.05.2019 -ന് വൈകീട്ട് 5 മണിക്ക് മുമ്പായി ഓഫീസിൽ നൽകേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷമുള്ള ചോദ്യങ്ങളും പ്രമേയങ്ങളും സ്വീകാര്യമല്ല.**

---

**കണക്കുകൾ സംബന്ധിച്ച ചോദ്യങ്ങൾ മുൻകൂട്ടി എഴുതി സമർപ്പിച്ചാൽ മാത്രമെ മറുപടി തയ്യാറാക്കി നൽകാൻ കഴിയുകയുള്ളു.**

# പ്രവർത്തന റിപ്പോർട്ട് 2018-2019

**"കാരുണ്യവാനായ അല്ലാഹുവിന്റെ നാമത്തിൽ"**

**പ്രിയ സഹോദരങ്ങളേ,** *അസ്സലാമുഅലൈക്കും*

നമ്മുടെ രാജ്യവും, മഹല്ലും അതിപ്രധാനമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്ന് പോകുന്നത്. പ്രത്യേകിച്ച് 17-ാം ലോകസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് നടക്കുന്ന ഈ വേളയിൽ, രാജ്യം മുഴുവനും ദളിത്-മുസ്‌ലിം ന്യൂനപക്ഷങ്ങൾ നേരിടുന്ന ഭീതി അതിന്റെ മൂർദ്ധന്യാവസ്ഥയിലാണ്. എല്ലാ കാലത്തും ഇസ്‌ലാം നേരിടുന്ന വെല്ലുവിളികൾ നാം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോൾ നാമതിന്റെ അങ്ങേയറ്റത്തെ തീഷ്ണതയുടെ നെരിപ്പോടിലാണ്. എപ്പോഴും ഭയത്തിന്റെ മുൾമുനയിലാണ് ഒരു ശരാശരി ഇന്ത്യൻ മുസൽമാന്റെ, ജീവിതം എന്നത് വ്യക്തമാണ്. മൺമറഞ്ഞ ദേശീയ നേതാക്കൾ വിഭാവനം ചെയ്ത മതേതര ഇന്ത്യയിൽ നിന്നും രാജ്യത്തെ പിന്തിരിപ്പിക്കാനുള്ള ഗൂഢശ്രമങ്ങൾ വ്യാപകമായി ആസൂത്രണം ചെയ്യപ്പെടുന്നതും നമുക്ക് കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. ലോകവ്യപകമായും ഇസ്‌ലാമിന്റെ വളർച്ചയിലും സ്വീകാര്യതയിലും വിറളിയെടുത്ത ഇസ്ലാമോഫോബിയ മനുഷ്യത്വ രഹിതമായ കൂട്ടക്കൊലകളിലൂടെ നമ്മെ ഇല്ലായ്മ ചെയ്യുന്നതിലേക്ക് വ്യാപിച്ചിരിക്കുകയാണ്. ഇസ്‌ലാമിനെ അനുകമ്പയോടെ, ആദരവോടെ ഉറ്റുനോക്കുന്ന ഒരു സമൂഹം ലോകം മുഴുവനും ഉയർന്നു വരുന്നുണ്ടെന്ന ശുഭപ്രതീക്ഷയും നാം കാണേണ്ടതുണ്ട്. പരിശുദ്ധ ഖുർആനെ പഠന വിധേയമാക്കിയതും, ഇസ്‌ലാമിന്റെ സംസ്കാരം കണ്ടറിഞ്ഞുമെല്ലാമാണ് ഈ നവസമൂഹത്തിന്റെ ഉയർത്തെഴുന്നേൽപ്പിന് കാരണമായത്. നമ്മുടെ മഹല്ലും ഇസ്‌ലാമിന്റെ ഈ വിശ്വ മാനവികത പൊതുസമൂഹത്തിൽ പകർത്തുന്നതിൽ ഈ റിപ്പോർട്ട് വർഷവും അതിന്റെ ചരിത്രപരമായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. രാജ്യത്തെ സമാധാനത്തിലേക്കും സാഹോദര്യത്തിലേക്കും നയിക്കാൻ നേതൃത്വപരമായ പങ്ക് വഹിക്കാൻ ചേരമാൻ മസ്ജിദിനുള്ള ഉത്തരവാദിത്വം നിർവ്വഹിക്കപ്പെടുന്നതിന് മഹല്ല് കമ്മിറ്റി കൃത്യമായ ഇടപെടലുകൾ യഥാസമയം നടത്തിയിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഐക്യകണ്ഠേനയുള്ള ഒരു തെരഞ്ഞെടുപ്പിലൂടെയാണ് ഈ ഭരണസമിതി പരിപാലന കർത്തവ്യം ഏറ്റെടുത്തിട്ടുള്ളത്. മഹല്ലിനെ ഐക്യത്തോടെ മുന്നോട്ട് നയിക്കാനും, അതിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിലമൊരുക്കാനും മഹല്ല് അംഗങ്ങൾ നൽകിയ അംഗീകാരം അതിന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ കഴിഞ്ഞുവോ എന്ന ചർച്ചയും നമുക്ക് നടത്തേണ്ടതുണ്ട്. ഇതര മഹല്ലുകളിൽ നിന്നും വ്യത്യസ്തമായി കൃത്യമായ ഭരണസംവിധാനങ്ങൾ നമ്മുടെ മഹല്ലിൽ പ്രവർത്തിച്ച് വരുന്നതിൽ നമുക്ക് സന്തോഷിക്കാം. എണ്ണയിട്ട യന്ത്രം പോലെ എല്ലാ കാലത്തും കൃത്യമായി തന്നെ പ്രവർത്തിക്കുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും നാം നടത്തിയിട്ടുണ്ട്. മറ്റ് മഹല്ലുകൾക്ക് അത് പകർത്താനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുമുണ്ട്. തികച്ചും ജനാധിപത്യപരവും വികസനോന്മുഖവും, പക്വവുമായ ഈ മഹല്ലിന് നേതൃത്വം നൽകാൻ സർവ്വശക്തൻ നൽകിയ അപാരമായ അനുഗ്രഹത്തിൽ ഞങ്ങൾ അങ്ങേയറ്റം നാഥനോട് നന്ദിയുള്ളവരാണ്.

റിപ്പോർട്ട് വർഷത്തിൽ 26 കമ്മിറ്റി യോഗങ്ങളും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി യോഗവും 11 സ്റ്റാഫ് യോഗങ്ങളും, അഡ്വൈസറികളുടെ സംയുക്ത യോഗം 5 പ്രാവശ്യവും ചേർന്നിട്ടുണ്ട്. മുൻ വർഷങ്ങളിലേത് പോലെ തന്നെ മഹല്ല് കമ്മിറ്റി അംഗങ്ങൾക്ക് ചുമതലകൾ വിഭജിച്ച് നൽകി പ്രവർത്തനങ്ങൾ എളുപ്പമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. മഹല്ലിന്റെ

സഹായങ്ങൾ സഹോദര സമുദായാംഗങ്ങൾക്ക് കൂടി ലഭ്യമാക്കി നമ്മൾ സൗഹൃദത്തിന്റെയും സഹാനുഭൂതിയുടേയും മാതൃകയായിട്ടുണ്ട്. വൈവിധ്യമാർന്ന ഒട്ടനവധി പ്രവർത്തനങ്ങൾ ഈ റിപ്പോർട്ട് വർഷത്തിൽ ഉണ്ടെങ്കിലും അതിന്റെ പൂർണ്ണതയിലെത്തുന്നത് അംഗങ്ങളുടെ മനസ് തുറന്ന, ജീവസുറ്റ ചർച്ചയിലൂടെയാണ്. അതിന്റെ പോരായ്മകൾ പരിഹരിക്കേണ്ടതും, കുറവുകൾ ചൂണ്ടിക്കാണിക്കേണ്ടതും ഈ ക്രിയാത്മക ചർച്ചയിലൂടെയാണ്.

## മദ്രസ്സകൾ

നമ്മുടെ മഹല്ല് പരിധിയിൽ മഹല്ലിന്റെ ഉടമസ്ഥതയിൽ 8 മദ്രസ്സകളും 8 നമസ്ക്കാര പള്ളികളും പ്രവർത്തിച്ചുവരുന്നുണ്ട്. 8 മദ്രസ്സകളിലുമായി 365 കുട്ടികൾ പഠനം നടത്തുന്നുണ്ട്. 21 അദ്ധ്യാപകരാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. കുട്ടികളുടെ പഠന നിലവാരവും നമ്മുടെ ഭൗതിക സാഹചര്യങ്ങളെ കുറിച്ചുമെല്ലാം കഴിഞ്ഞ റിപ്പോർട്ടിൽ നാം ഗൗരവമായി ചർച്ച ചെയ്തിരുന്നതാണ്. അഞ്ചപ്പാലം, കാവിൽകടവ് മദ്രസകളിൽ ഈ വർഷം കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. 110 കുട്ടികളാണ് അഞ്ചപ്പാലം മദ്രസ്സയിൽ പഠിക്കുന്നത്. മഹല്ലിൽ ഇതാദ്യമായി 1–ാം ക്ലാസിൽ രണ്ട് ഡിവിഷൻ പ്രവർത്തിക്കുന്നതും ഇവിടെ തന്നെയാണ്. 4 അദ്ധ്യാപകരാണ് ഇവിടെ ക്ലാസ് എടുക്കുന്നത്. അഞ്ചപ്പാലം മസ്ജിദിനോട് ചേർന്ന് വാങ്ങിയിട്ടുള്ള സ്ഥലത്തിന്റെ സൗകര്യം കൂടി ഉൾപ്പെടുത്തി പള്ളി വലുതാക്കുന്നതിന് പുതിയ ഒരു പദ്ധതി മഹല്ല് കമ്മിറ്റി നഗരസഭക്ക് സമർപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുണ്ട്. ആയതിനുള്ള സംഖ്യകൂടി ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നുണ്ട്. പള്ളിയും, ഒരു സാംസ്കാരിക കേന്ദ്രം കൂടി ഉൾപ്പെടുന്നതാകണം പുതിയ നിർമ്മിതിയിലെന്ന് മഹല്ല് കമ്മിറ്റി കരുതുന്നു. ഇമാമത്തുൾപ്പെടെ ചുമതലയുള്ള 4 പേർ ഇവിടെ ജോലി ചെയ്യുന്നുണ്ടെങ്കിലും പലപ്പോഴും ഇമാമത്തിന് തടസ്സം നേരിടുന്നുവെന്ന പരാതിയും നിലവിലുണ്ട്. ആയത് കൂടി പരിഹരിക്കുന്ന വിധത്തിൽ നിയമനത്തിൽ കമ്മിറ്റി ക്രമീകരണം ചെയ്യുവാനും തീരുമാനിച്ചിട്ടുണ്ട്. മുസ്ലിം കുടുംബങ്ങൾ തിങ്ങിപാർക്കുന്ന അഞ്ചപ്പാലത്ത് 250 പേർക്കെങ്കിലും നമസ്ക്കരിക്കാവുന്ന വിധമാണ് പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ആലോചിക്കുന്നത്. നിയമപരമായ ചില തടസ്സങ്ങൾ എത്രയും വേഗം തരണം ചെയ്യാൻ കഴിയുമെന്ന് കരുതുന്നു.

മസ്ജിദ് കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന തബ്ശിറുൽ ഇസ്ലാം മദ്രസ്സയിൽ മൂന്ന് അദ്ധ്യാപകരും 45 കുട്ടികളുമാണുള്ളത്. അസി. ഇമാം സദർ മുഅല്ലിമുമായിട്ടുള്ള ഈ മദ്രസ്സയിൽ കുട്ടികളുടെ ഹാജർ നിലവാരം വളരെ പുറകിലാണെന്ന് പരാതി നിലവിലുണ്ട്. എന്നാൽ കലാ–സാഹിത്യ രംഗത്തും സാമൂഹ്യ രംഗത്തും മദ്രസ്സ മികച്ച നിലവാരത്തിലാണ്.

ടി.കെ.എസ്. പുരം ഖിള്ർ മദ്രസ്സയിൽ 3 അദ്ധ്യാപകരും 45 കുട്ടികളുമാണുള്ളത്. പഠന നിലവാരത്തിൽ മദ്രസ്സ മികച്ച് നിൽക്കുന്നു. പള്ളിയുടെ സൗകര്യങ്ങളും മെച്ചപ്പെട്ടതാണ്.

കടുക്കച്ചുവട് മദ്രസ്സയിൽ രണ്ട് അദ്ധ്യാപകരും 38 കുട്ടികളുമാണുള്ളത്. നമസ്ക്കാര സൗകര്യവും പഠന സൗകര്യവും കുറവായ ഇവിടെ പുതുതായി വാങ്ങിയ കെട്ടിടത്തിന് മുകളിലേക്ക് മദ്രസ്സ മാറ്റുന്നതിന് ആലോചിക്കുന്നുണ്ട്. നോമ്പ് തുറക്കലും മറ്റും പുതിയ മദ്രസ്സയിലേക്ക് മാറുമ്പോൾ റമളാനിൽ നമസ്കാരം പള്ളിയുടെ മുകളിലേക്ക് കൂടി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നു.

രണ്ട് അദ്ധ്യാപകർ പഠിപ്പിക്കുന്ന കോട്ടപ്പുറം മദ്രസ്സയാണ് മഹല്ലിൽ ഏറ്റവും സൗകര്യമുള്ള പള്ളിയും മദ്രസ്സയും. 39 കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനം പ്രദേശത്തെ മുസ്ലിം

കുടുംബങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. കൂടാതെ പ്രാഥമിക പഠനം പൂർത്തിയാക്കാതെ ഈ മദ്രസ്സയിലെ കൊഴിഞ്ഞുപോകലുകൾ കൂടുതലാണ്.

വി.പി. തുരുത്ത് മദ്രസ്സയിൽ 31 കുട്ടികളും രണ്ട് അദ്ധ്യാപകരുമാണുള്ളത്. ആവശ്യമായ സ്ഥല സൗകര്യങ്ങളും പഠന സൗകര്യങ്ങളും ഈ മദ്രസ്സക്കുണ്ട്. പഠന നിലവാരത്തിലും ഈ മദ്രസ്സ മികച്ച നിലവാരം പുലർത്തുന്നു.

ലോകമലേശ്വരം ഹിദായത്തുൽ ഇസ്ലാം മദ്രസ്സയിൽ 34 കുട്ടികളും രണ്ട് അദ്ധ്യാപകരുമാണുള്ളത്. സ്ഥല സൗകര്യമില്ലായ്മയാൽ വീർപ്പ് മുട്ടുന്ന ഒരു സ്ഥാപനമാണിത്. പ്രദേശത്ത് ആവശ്യമായ മുസ്ലിം കുടുംബങ്ങൾ ഉണ്ടെങ്കിലും മദ്രസ്സയിൽ എത്തുന്ന കുട്ടികളുടെ എണ്ണം കുറവാണ്.

കാവിൽകടവ് മദ്രസ്സയിൽ 13 കുട്ടികളാണ് കഴിഞ്ഞ വർഷം പഠനം നടത്തിയത്. ഈ വർഷം 23 പേരായി ഉയർന്നിട്ടുണ്ട്. 88 മുസ്ലിം കുടുംബങ്ങളാണ് ഈ പള്ളിയുടെ പ്രദേശത്തുള്ളത്. മഹല്ല് സെൻസസ് അനുസരിച്ച് 14 വയസ്സിൽ താഴെയുള്ള 69 കുട്ടികൾ ഈ പ്രദേശത്തുണ്ട്. 2 അധ്യാപകരാണ് ഇവിടെ ജോലി ചെയ്യുന്നത്.

മഹല്ലിലെ ദീനി പഠനരംഗത്ത് നമ്മുടെ മദ്രസ്സകൾ അർഹമായ പങ്കാളിത്തം ചെലുത്തുന്നുണ്ടോ എന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഭൗതികമായ എല്ലാ സൗകര്യങ്ങളും സാഹചര്യങ്ങളും മഹല്ല് ഒരുക്കി നൽകിയിട്ടുണ്ട്. ഒന്നാം സ്റ്റാൻഡേർഡിൽ കൃത്യമായി എത്തുന്ന കുട്ടി പ്രാഥമിക പഠനം മുഴുമിക്കുന്നതിന് മുമ്പ് മദ്രസ്സയിൽ നിന്ന് കൊഴിഞ്ഞു പോകുന്നത് ഗൗരവമായി കാണേണ്ടതാണ്. ഒരു വർഷം നമ്മുടെ മദ്രസ്സകളിലെ 1-ാം ക്ലാസ് പ്രവേശനം ശരാശരി 80 നും 70നും ഇടയിലാണ്. എന്നാൽ ഏഴാം ക്ലാസിലെ ശരാശരി കുട്ടികളുടെ എണ്ണം 30നും 40നും ഇടയിലാണ്. ശരാശരി 750 കുട്ടികൾ പഠിക്കേണ്ട മദ്രസ്സകളിൽ പഠിതാക്കൾ 365 എണ്ണം മാത്രമാണ്. അദ്ധ്യയന വർഷത്തിലെ പകുതി പിന്നിട്ടപ്പോൾ രക്ഷിതാക്കളുടെ യോഗം മഹല്ല് കമ്മിറ്റി വിളിച്ച് ചേർത്ത് മദ്രസ്സ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും അദ്ധ്യാപകരും രക്ഷിതാക്കളുമായി നിരന്തര സമ്പർക്കം പുലർത്തുകയും ചെയ്തിട്ടും കുട്ടികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണം അവ്യക്തമാണ്. പഠന സമയം ഇതിനൊരു കാരണമായി ചില രക്ഷിതാക്കൾ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷം മുതൽ ഒന്ന്, രണ്ട് ക്ലാസ്സുകൾ വൈകുന്നേരങ്ങളിലും മൂന്ന് മുതലുള്ള ക്ലാസുകൾ രാവിലെയുമാക്കി ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുവാൻ കമ്മിറ്റി ആലോചിക്കുന്നുണ്ട്. ചെറിയ കുട്ടികൾ അതി രാവിലെ മദ്രസ്സയിൽ എത്തുന്നത് ഒഴിവാക്കാനും വൈകുന്നേരങ്ങളിൽ കൂടുതൽ സമയം ഇവരെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് സമയം ലഭിക്കുമെന്ന മെച്ചവും മാറ്റംകൊണ്ട് ഉദ്ദേശിക്കുന്നത്. കൂടുതൽ തന്മയത്ത്വത്തോടെ, കൂടുതൽ സമയമെടുത്ത് അക്ഷരത്തിന്റെ അടിത്തറയിടേണ്ട ഒന്ന്, രണ്ട് ക്ലാസുകളിലെ കുരുന്നുകൾക്ക് ഈ സമയമാറ്റം ഗുണകരമാകുമെന്നാണ് കരുതുന്നത്. രക്ഷിതാക്കൾ കൂടി മനസ്വെച്ചാൽ സമയ മാറ്റത്തിന്റെ ഗുണം നമ്മുടെ കുട്ടികൾക്ക് ലഭിക്കുമെന്നതിൽ സംശയമില്ല.

നമ്മുടെ മദ്രസ്സകൾ മതബോധനത്തോടൊപ്പം സാംസ്കാരിക കേന്ദ്രങ്ങളുമാകേണ്ടതിന്റെ ആവശ്യകത മഹല്ല് കമ്മിറ്റി ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ റിപ്പോർട്ട് വർഷത്തിൽ വളരെ മികവുറ്റ പ്രവർത്തനങ്ങൾ കൊണ്ട് സാമൂഹിക സാംസ്ക്കാരിക രംഗത്ത് നമ്മുടെ കുട്ടികൾ കൂടി കടന്ന് വന്നതിന്റെ സന്തോഷം പങ്ക് വെക്കപ്പെടേണ്ടതുണ്ട്. കഴിഞ്ഞ മീലാദ് ആഘോഷത്തിൽ തബ്ശിറുൽ ഇസ്ലാം മദ്രസ്സയുടെ അദ്ധ്യാപകരും അഡ്വൈസറി

കമ്മിറ്റിയും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ "വീടിനൊരാടും നാടിനൊരു തണലും" പദ്ധതി സാമൂഹ്യ മാധ്യമങ്ങളിൽ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. കുട്ടികളിൽ പ്രകൃതി സ്നേഹം വളർത്തുന്ന ഇത്തരം പരിപാടികൾ മാതൃകാപരമെന്ന് പത്രങ്ങളും വിലയിരുത്തിയിരുന്നു. ലോക ജലദിനത്തിൽ ടി.കെ.എസ്. പുരം ഖിള്ർ മദ്രസ്സയിലെ കുട്ടികൾ സംഘടിപ്പിച്ച പോസ്റ്റർ രചനയും, കുടിനീർ പദ്ധതിയും ശ്രദ്ധേയമായിരുന്നു. ഇത്തരം കാര്യങ്ങൾ കുട്ടികളിൽ മികച്ച സാമൂഹ്യബോധം വളർത്തുന്നതിന് കാരണമാകും. മഹല്ലിന്റെ 8 മദ്രസ്സകളിലും ഇപ്പോൾ ലൈബ്രറികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് മഹല്ല് കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ചാണ് മദ്രസ്സകൾ തോറും ലൈബ്രറികൾ സജ്ജീകരിക്കുന്നത്. കൂടാതെ ഓരോ മദ്രസ്സയിലും ചാരിറ്റി ബോക്സുകൾ സ്ഥാപിച്ച് നാണയത്തുട്ടുകൾ സ്വരൂപിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കുട്ടികളെ കൂടി പങ്കാളികളാക്കുന്നതിനുള്ള പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. ടി.കെ. എസ്. പുരം ഖിള്ർ മദ്രസ്സയുടെ ലൈബ്രറി ഉൽഘാടനം വാർത്താ മാധ്യമങ്ങളിലും സാമൂഹ്യ മാധ്യമങ്ങളിലും ഇടം പിടിച്ചിരുന്നു. ഇത്തരം കാര്യങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് അദ്ധ്യാപകർ കാണിക്കുന്ന ശുഷ്കാന്തിയും പ്രശംസനീയമാണ്. നമ്മുടെ മദ്രസ്സകളും കുട്ടികളും സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമാകുന്നതിന് കൂടുതൽ പ്രവർത്തനങ്ങൾ ഉണ്ടാകുന്നതിന് അഡ്വൈസറി കമ്മിറ്റികളും രക്ഷിതാക്കളും ശ്രദ്ധിക്കേണ്ടതുണ്ട്.

കോട്ടപ്പുറം നമസ്ക്കാര പള്ളിയുടെ പഴയ മദ്രസ്സ കെട്ടിടവും ടോയ്‌ലറ്റ് ബ്ലോക്കും അറ്റകുറ്റപ്പണികൾ നടത്തി കൂടുതൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. പഴയ വയറിംഗ്, പ്ലംബിംഗ് എന്നിവ പാടെ നീക്കം ചെയ്ത് പുതിയ നിർമ്മാണങ്ങളാണ് നടത്തിയിട്ടുള്ളത്. വി.പി. തുരുത്ത് മസ്ജിദിന്റെ ടോയ്‌ലറ്റിന് പുതിയ സെപ്റ്റിക് ടാങ്കും മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഈ മസ്ജിദിന്റെ മുൻവശത്ത് പണി കഴിപ്പിച്ച പുതിയ ഹാളിലെ ഉപയോഗത്തിന് വേണ്ടി 100 പ്ലാസ്റ്റിക് കസേരകളും വാങ്ങി നൽകിയിട്ടുണ്ട്. ഒരു അഭ്യുദയകാംക്ഷിയുടെ സഹകരണത്തോടെ സ്ഥാപിച്ച ഈ ഹാൾ വാടകക്ക് നൽകാവുന്ന വിധമാണ് നിർമ്മിച്ചിട്ടുള്ളത്. ഇത് പള്ളിക്ക് ഒരു വരുമാന മാർഗ്ഗവുമായിരിക്കും. കാവിൽകടവ് നമസ്ക്കാര പള്ളി ഏറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന നിർമ്മാണത്തിലെ ബാധ്യത ഇനത്തിലെ ഒന്നര ലക്ഷം രൂപയിൽ, ഒരു ലക്ഷം രൂപയും, ജീവനക്കാരുടെ ശമ്പള കുടിശ്ശിക ഇനത്തിൽ 42,000 രൂപയും ഈ റിപ്പോർട്ട് വർഷം കൊടുത്ത് തീർത്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ ബാധ്യത ഇനത്തിൽ നേരത്തെ 2,00,000 രൂപയും നൽകിയിട്ടുണ്ട്. ഇനി ബാക്കി 50,000 ക. കൂടി ഈ ഇനത്തിൽ നൽകുന്നതിനാണ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. അത് ഈ സാമ്പത്തിക വർഷത്തിൽ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. നാഷണൽ ഹൈവെയിലെ ടി.കെ.എസ്. പുരം ജംഗ്ഷനിലുള്ള മസ്ജിദ് ഇത്തിഹാദ് കഴിഞ്ഞ പൊതുയോഗ തീരുമാനപ്രകാരം അറ്റകുറ്റ പണികൾ നടത്തി മികച്ച സൗകര്യങ്ങൾ ഈ റിപ്പോർട്ട് വർഷം ഒരുക്കിയിട്ടുണ്ട്.

മഹല്ല് ജീവനക്കാരുടെ ശമ്പളം ഈ റിപ്പോർട്ട് വർഷത്തിലും വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. മദ്രസ്സയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സമസ്തയിൽ നിന്നുള്ള ഉദ്യോഗസ്ഥനും, മഹല്ല് കമ്മിറ്റി അംഗങ്ങളും, മഹല്ല് ഇമാമും യഥാസമയങ്ങളിൽ സന്ദർശനം നടത്തി റിപ്പോർട്ട് മഹല്ല് കമ്മിറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുന്നുണ്ട്. ഈ റിപ്പോർട്ടിലെ വീഴ്ചകളും നേട്ടങ്ങളും പ്രതിമാസം കൂടുന്ന സ്റ്റാഫ് യോഗത്തിൽ വിശദമായ ചർച്ചകൾക്ക് വിധേയമാക്കുന്നുണ്ട്. ജീവനക്കാരുടെ എണ്ണം ആവശ്യത്തിനുണ്ടെങ്കിലും ചില സമയങ്ങളിൽ മദ്രസകളുടെയും നമസ്കാര പള്ളികളുടെയും പ്രവർത്തനങ്ങൾ താളം

തെറ്റുന്നത് ചൂണ്ടിക്കാണിക്കാതിരിക്കാൻ കഴിയില്ല. ഇൻശാ അല്ലാ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയും കാര്യക്ഷമതയും മഹല്ല് കമ്മിറ്റിയിൽ നിന്നും വരും കാലങ്ങളിൽ ഉണ്ടാകും. മദ്രസകളുടെ പഠന നിലവാരത്തിലെ മികവും ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. 8 മദ്രസകളിൽ 7 മദ്രസയും പൊതുപരീക്ഷയിൽ 100% വിജയം കൈവരിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്. കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് നൽകുന്ന അവാർഡിന് പുറമെ കൂടുതൽ ഹാജർ ഉള്ള കുട്ടികൾക്ക് കൂടി ഓരോ മദ്രസയുടെയും പ്രോൽസാഹന സമ്മാനങ്ങൾ നൽകി ആവശ്യമായ പ്രോത്സാഹനം അതാത് അഡ്വൈസറി കമ്മിറ്റികൾ ചെയ്യുന്നത് അഭിനന്ദനീയമാണ്. ഈ റിപ്പോർട്ട് വർഷം സമസ്തയുടെ റേഞ്ച് ഫെസ്റ്റിൽ നമ്മുടെ 7 മദ്രസകളിൽ നിന്നും മത്സരാർത്ഥികൾ ഉണ്ടായിരുന്നതും പല മദ്രസകളും റേഞ്ചിൽ മികച്ച വിജയം നേടിയിട്ടുള്ളതുമാണ്. ജില്ലാ മത്സരങ്ങളിൽ രണ്ട് വിദ്യാർത്ഥികൾ ഇപ്രാവശ്യം മത്സരിച്ചതും ശ്രദ്ധേയമാണ്. ഒട്ടനവധി കഴിവുകളുടെ വിളനിലമായ നമ്മുടെ കുട്ടികളുടെ സർഗ്ഗ പ്രതിഭ പ്രോൽസാഹിപ്പിക്കുന്നതിന് അദ്ധ്യാപകരോടൊപ്പം കൂടുതൽ ഉത്തരവാദിത്വം രക്ഷിതാക്കൾ കൂടി കാണിക്കുകയാണെങ്കിൽ നമ്മുടെ മദ്രസകൾക്ക് അത് കൂടുതൽ മികവ് നൽകും.

മദ്രസകളിലെ കൊഴിഞ്ഞ് പോകലാണ് ഈ റിപ്പോർട്ട് വർഷത്തിൽ ഗൗരവമായി അംഗങ്ങളെ ബോധ്യപ്പെടുത്താനുള്ളത്. അടുത്ത അദ്ധ്യായന വർഷം രക്ഷിതാക്കളും അദ്ധ്യാപകരും മഹല്ല് കമ്മിറ്റിയും കൂടുതൽ ജാഗ്രതയോടെ പ്രവർത്തിച്ചാൽ നമ്മുടെ മഹല്ലിലെ കുട്ടികൾ ചുരുങ്ങിയത് 10–ാം ക്ലാസ്സ് വരെയെങ്കിലും വീഴ്ച കൂടാതെ പഠനം പൂർത്തീകരിക്കുമെന്നതിൽ സംശയമില്ല.

കഴിഞ്ഞ മൂന്ന് വർഷം മുൻപ് നിരവധി ചർച്ചകളുടെയും ഒത്തുചേരലുകളുടെയും ഫലമായി രൂപം കൊണ്ട ചേരമാൻ മസ്ജിദ് ഹയർ സെക്കന്ററി മദ്രസ്സയിലെ 12 വിദ്യാർത്ഥികൾ 10–ാം ക്ലാസ്സിലും 2 കുട്ടികൾ പ്ലസ് ടുവിലും ഈ വർഷം പരീക്ഷയെഴുതിയത് മഹല്ലിലെ ദീനി വിദ്യാഭ്യാസ രംഗത്തെ പരമ പ്രധാനമായ നേട്ടമാണ്. നമ്മുടെ മഹല്ലിൽ ആദ്യമായാണ് പ്ലസ് ടു പരീക്ഷ നടക്കുന്നത്. ഹയർ സെക്കന്ററി മദ്രസയിലെ കുട്ടികൾ പ്രത്യേകിച്ച് പെൺകുട്ടികൾ രാത്രി വൈകി അവസാനിക്കുന്ന അവരുടെ ക്ലാസ്സുകളിൽ പങ്കെടുക്കുന്നത് ദീനി പഠനത്തോടുള്ള കുട്ടികളുടെയും കുടുംബത്തിന്റെയും പ്രതിബദ്ധതയാണ് തെളിയിക്കുന്നത്. ഇത്തരത്തിലുള്ള കുട്ടികളും രക്ഷിതാക്കളുമുണ്ടെങ്കിൽ മാത്രമേ നമ്മുടെ മഹല്ലിന്റെ ദീനി പഠന രംഗത്ത് പുരോഗതിയുണ്ടാവുകയുള്ളൂ. ഹയർ സെക്കന്ററി മദ്രസയുടെ ആരംഭം മുതലേ ഇതിന്റെ വിജയത്തിൽ ആത്മവിശ്വാസമില്ലായ്മ പല കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഇപ്പോഴും അത് നിലനിൽക്കുന്നുമുണ്ട്. എങ്കിലും അതിനെ മറികടക്കുവാൻ നമ്മുടെ കൂട്ടായ ശ്രമം കൊണ്ടായി എന്നതിന് നമുക്ക് സർവ്വ ശക്തനോട് നന്ദി പറയാം. നാം പ്രതീക്ഷിച്ച കുട്ടികൾ ഈ വർഷം 8–ാം ക്ലാസ്സിൽ എത്തിയില്ല എന്ന പോരായ്മ നിലനിൽക്കുന്നുണ്ട്. അടുത്ത അദ്ധ്യയന വർഷത്തിൽ നാഥന്റെ അനുഗ്രഹത്താൽ 40 കുട്ടികളെങ്കിലും 8–ാം സ്റ്റാൻഡേർഡിൽ ചേരുമെന്ന് പ്രതീക്ഷിക്കുന്നു. കുട്ടികളുടെ യാത്രാ ചെലവ് ഉൾപ്പെടെ മഹല്ലാണ് വഹിക്കുന്നത്.

അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുൾപ്പെടെ 36 ജീവനക്കാരാണ് മഹല്ലിൽ സേവനമനുഷ്ഠിക്കുന്നത്. ഇതിൽ 7 പേർ പാർട്ട് ടൈം അദ്ധ്യാപകരാണ്. എല്ലാ ഇംഗ്ലീഷ് മാസങ്ങളിലെയും അവസാന ചൊവ്വാഴ്ചകളിൽ നിർബന്ധമായും സ്റ്റാഫ് യോഗങ്ങൾ ചേർന്ന് വരുന്നു. നിർബന്ധിതവും അപൂർവ്വവുമായ സാഹചര്യത്തിൽ മാത്രമേ ഈ തീയ്യതിയിൽ മാറ്റം ഉണ്ടാകാറുള്ളൂ. കഴിഞ്ഞ 12 വർഷത്തിനിടയിൽ 4 പ്രാവശ്യം മാത്രമാണ് സ്റ്റാഫ് യോഗം തിയ്യതി മാറ്റേണ്ടതായി വന്നിട്ടുള്ളു. കൃത്യനിഷ്ഠമായി നടക്കുന്ന ഈ യോഗങ്ങൾ

മുഫദ്രിഷിന്റെയും, ഇമാമിന്റെയും, മഹല്ല് കമ്മിറ്റി പ്രതിനിധികളുടെയും സന്ദർശക റിപ്പോർട്ടുകളും ചർച്ച ചെയ്യുന്നു. കൂടാതെ മദ്രസകളുടെ പൊതു ആവശ്യവും ഈ യോഗം ചർച്ച ചെയ്ത് ആവശ്യമായ ശുപാർശകൾ മഹല്ല് കമ്മിറ്റിക്ക് സമർപ്പിച്ച് വരുന്നുണ്ട്. മദ്രസ വിദ്യാഭ്യാസത്തിന്റെ കരുത്തിന്റെ കാരണമായി ഈ കൂട്ടായ്മയെ കമ്മിറ്റി കാണുന്നു.

## അഡ്വൈസറി കമ്മിറ്റികൾ

8 മദ്രസകളിലെയും ദൈനംദിന കാര്യങ്ങളുടെ ഇടപെടലിനായി രൂപീകരിച്ച അഡ്വൈസറി കമ്മിറ്റികൾ മദ്രസകളുടെ പ്രവർത്തനങ്ങളിൽ സജീവമാണ്. മദ്രസകളുടെ ആവശ്യങ്ങൾ മഹല്ല് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അത് നിർവ്വഹിപ്പിക്കുന്നതിനും അഡ്വൈസറി കമ്മിറ്റികൾ നിർണ്ണായക പങ്ക് വഹിക്കുന്നു. മദ്രസകളുടെ പൊതുപരിപാടികൾ കൂടുതൽ പ്രൗഢമായി സംഘടിപ്പിക്കപ്പെട്ടു വരുന്നതിന്റെ പ്രധാന കാരണം അഡ്വൈസറി കമ്മിറ്റികളുടെ ഇടപെടലും സഹകരണവുമാണെന്നതിൽ തർക്കമില്ല. അഡ്വൈസറി കമ്മിറ്റികൾ എല്ലാ മാസങ്ങളിലും നിർബന്ധമായി വിളിച്ച് ചേർക്കണമെന്ന നിർദ്ദേശം മഹല്ല് കമ്മിറ്റി സദർ മുഅല്ലിമുകൾക്ക് നൽകിയിട്ടുണ്ട്. കഴിഞ്ഞ 4 മാസമായി എല്ലാ മദ്രസകളിലും കൃത്യമായി തന്നെ യോഗങ്ങൾ ചേർന്ന് മിനിറ്റ്സുകൾ സ്റ്റാഫ് യോഗത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. സ്റ്റാഫ് യോഗത്തിന്റെ മിനിറ്റ്സ് മഹല്ല് കമ്മിറ്റിയും എല്ലാ മാസങ്ങളിലും ചർച്ച ചെയ്യാറുണ്ട്.

നബിദിനാഘോഷം, സക്കാത്ത്, ഫിത്വർ സക്കാത്ത് വിതരണം, പ്രളയ ദുരിതാശ്വാസം തുടങ്ങിയവയിലെ അഡ്വൈസറി കമ്മിറ്റികളുടെ ഇടപെടൽ ശ്ലാഘനീയമാണ്. പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പ് അഡ്വൈസറി കമ്മിറ്റികളിൽ മഹല്ല് കമ്മിറ്റി റിപ്പോർട്ട് ചെയ്യാറുള്ളതും അഭിപ്രായങ്ങൾ തേടുന്നതും മഹല്ലിന്റെ ജനാധിപത്യ സംവിധാനത്തിന്റെ കരുത്തായി കാണേണ്ടതുണ്ട്. ഈ റിപ്പോർട്ട് വർഷത്തിൽ 5 പ്രാവശ്യം അഡ്വൈസറി കമ്മിറ്റികളുടെ സംയുക്ത യോഗം മഹല്ല് കമ്മിറ്റി വിളിച്ച് ചേർത്തിട്ടുണ്ട്. മഹല്ലിന്റെ പുരോഗമന പ്രവർത്തനങ്ങളിൽ അഡ്വൈസറി കമ്മിറ്റി നിസ്തുലമായ പങ്ക് വഹിക്കുന്നതിൽ മഹല്ല് കമ്മിറ്റിക്ക് ഏറെ നന്ദിയുണ്ട്.

## ഖുർആൻ പഠന ക്ലാസ്സുകൾ

**1. സൺഡേ മദ്രസ :** അടിസ്ഥാന കാര്യങ്ങളിൽ അറിവ് ലഭിക്കാത്ത, പ്രാഥമിക വിദ്യാഭ്യാസം മാത്രം ലഭിച്ച എസ്.എസ്.എൽ.സി കഴിഞ്ഞ കുട്ടികൾക്ക് എല്ലാ ഞായറാഴ്ചകളിലും രാവിലെ ഒന്നര മണിക്കൂർ വീതമുള്ള സൺഡേ മദ്രസകൾ റിപ്പോർട്ട് വർഷത്തിലും നടന്നിട്ടുണ്ട്. ഡിഗ്രി, പോസ്റ്റ് ഗ്രാജുവേഷൻ, പ്രൊഫഷണൽ കോഴ്സ് തുടങ്ങിയ വിദ്യാർത്ഥികൾ ഈ ക്ലാസ്സ് ഉപയോഗപ്പെടുത്തുന്നുണ്ട്. 35 കുട്ടികൾ ശരാശരി ഈ ക്ലാസ്സിൽ പഠിതാക്കളാണ്. മഹല്ല് നൽകുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ സൺഡേ മദ്രസ ഉപയോഗപ്പെടുത്തുന്ന കുട്ടികൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ പരിസര മഹല്ലിലെ ചില കുട്ടികളും ഈ ക്ലാസ്സ് ഉപയോഗപ്പെടുത്തുന്നുണ്ട്.

**2. പ്രാദേശിക ഖുർആൻ പഠന ക്ലാസ്സുകൾ:** മഹല്ലിലെ എട്ട് മദ്രസകൾ കേന്ദ്രീകരിച്ചും പ്രതിമാസം രണ്ട് വീതം ഖുർആൻ ക്ലാസ്സുകൾ മഹല്ല് ഇമാം നടത്തി വരുന്നുണ്ട്. അഞ്ചപ്പാലം, കാവിൽകടവ് പ്രദേശങ്ങളിൽ ബന്ധപ്പെട്ട ഇമാമുമാർക്കും ക്ലാസ്സുകൾ നടത്തുന്നുണ്ട്. തബ്ശീറുൽ ഇസ്ലാം മദ്രസ കേന്ദ്രീകരിച്ചുള്ള ഖുർആൻ ക്ലാസ്സുകൾ തുടർച്ചയായി നടക്കുന്നില്ല എന്നത് ഒഴിവാക്കിയാൽ ഏകദേശം 18 ഓളം ഖുർആൻ പഠന ക്ലാസ്സുകൾ മഹല്ലിൽ പ്രതിമാസം നടന്ന് വരുന്നുണ്ട്. റമളാനിൽ മാത്രമാണ് മഹല്ല് ഇമാമിന്റെ ക്ലാസ്സുകൾ ഒഴിവാക്കിയിട്ടുള്ളത്. ക്ലാസ്സുകളിൽ നാമമാത്രമായ സാന്നിദ്ധ്യമാണ് ചില സ്ഥലങ്ങ

ളിലുള്ളതെങ്കിൽ അഞ്ചപ്പാലം, വി.പി.തുരുത്ത് മേഖലകളിൽ മെച്ചപ്പെട്ട വിധത്തിൽ ക്ലാസ്സു കളിൽ ആളുകൾ എത്തിച്ചേരുന്നുണ്ട്. അഡ്വൈസറി കമ്മിറ്റി അംഗങ്ങളും അദ്ധ്യാപകരും മുൻകൈ എടുത്ത് ആളുകളെ ക്ലാസ്സിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകാറുണ്ടെ ങ്കിലും തുടർന്നുള്ള ക്ലാസ്സുകളിൽ ആളുകളുടെ എണ്ണത്തിൽ സ്വാഭാവികമായ കുറവ് നിരാശാജനകമാണ്.

**3. വനിതാ ഖുർആൻ ക്ലാസ്സ് :** കഴിഞ്ഞ റമളാനിൽ മഹല്ല് കേന്ദ്രീകരിച്ച് ആരംഭിച്ച വനിതാ ഖുർആൻ ക്ലാസ്സുകൾ എല്ലാ മാസങ്ങളിലെയും രണ്ടാമത് ശനിയാഴ്ചകളിൽ മ്യൂസിയം ഹാളിൽ നടന്ന് വരുന്നുണ്ട്. വനിതാ അദ്ധ്യാപിക തന്നെ നയിക്കുന്ന ഈ ക്ലാസ്സ് ഏറെ പ്രയോജനപ്രദമാണെന്ന വിലയിരുത്തലുണ്ടെങ്കിലും ഗണ്യമായ പങ്കാളിത്തം ഇല്ല എന്നതും ഖേദകരമാണ്. റമളാനിലെ ദിവസങ്ങളിൽ ഒട്ടനവധി പഠിതാക്കൾ ഉണ്ടായെങ്കിലും അതിന് ശേഷമുള്ള ക്ലാസ്സുകൾ സജീവമായിരുന്നില്ല.

ഇതര മഹല്ലുകളെ അപേക്ഷിച്ച് മത പഠന രംഗത്ത് നമ്മുടെ മഹല്ല് ബഹുദൂരം പിന്നിലാണെന്ന വാസ്തവം കാണാതിരുന്നു കൂടാ. മത ബോധനത്തിന് ചെയ്ത ഒട്ടനവധി കാര്യങ്ങളുടെ ചർച്ചകൾക്കൊടുവിൽ നമ്മുടെ സംവിധാനങ്ങൾ നാം ഉപയോഗപ്പെടുത്തി യില്ലെന്ന യാഥാർത്ഥ്യം കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. വീടിന്റെ പടിവാതിൽ വരെ ദീനി പഠനത്തിന് അവസരമുണ്ടായിട്ടും അത് ഉപയോഗപ്പെടുത്താത്തതിന്റെ ആകെത്തുക യാണ് മറ്റ് മഹല്ലുകളെ അപേക്ഷിച്ച് നമ്മെ ഈ രംഗത്ത് ഏറെ പിന്നിലാക്കിയത്. പൊതു യോഗ ചർച്ചകൾക്കപ്പുറം തന്റെ കുട്ടി പഠിക്കുന്ന മദ്രസയും, തന്റെ സമീപത്തുള്ള മദ്രസയും ഖുർആൻ പഠിതാക്കളുടെ എണ്ണം കൊണ്ടും ശബ്ദം കൊണ്ടും മുഖരിതമാകണമെന്ന ബോധം നമ്മുടെ മനസിലേക്കാഴ്ന്നാൽ നമ്മുടെ മഹല്ലിലെ ഈ പ്രശ്നത്തിനൊരു പരിഹാര മായി. നാഥൻ സഹായിക്കട്ടെ.

**പ്രീ മാരിറ്റൽ കൗൺസിലിങ്ങ് ക്ലാസ് :-** ചേരമാൻ ജുമാ മസ്ജിദ് മഹല്ല് വിവാഹ പൂർവ്വ കൗൺസിലിങ്ങ് ക്ലാസിന് തീരുമാനമെടുത്തിട്ട് പത്ത് വർഷങ്ങളായി. 2009 ൽ നമ്മുടെ പൊതുയോഗം എടുത്ത തീരുമാനം നിരന്തര ബോധവൽക്കരണത്തിലൂടെ 2011 ന് ശേഷമാണ് നടപ്പിലാക്കിയത്. നമ്മുടെ സമുദായത്തിൽ ഇത്രയും പ്രധാനപ്പെട്ടൊരു തീരുമാനം എടുക്കാൻ കഴിയുമോ എന്നും അത് നടപ്പിലാക്കാൻ കഴിയുമോ എന്നതും സമൂഹം ആകാംക്ഷയോടെ കാതോർത്തിരുന്നതാണ്. തീരുമാനങ്ങൾ മഹല്ലിന്റെയും പൊതു സമൂഹത്തിന്റെയും നന്മക്കാണെന്ന ബോധമുള്ള നമ്മുടെ അംഗങ്ങൾ ഈ തീരുമാനം തങ്ങളുടെ മക്കളുടെ കൂടി ഭാവിക്കുള്ളതാണെന്ന് കരുതി അത് ഏറ്റെടുക്കുകയായിരുന്നു. സാങ്കേതിക തടസമുള്ളവർക്ക് ഏറ്റവും എളുപ്പത്തിൽ കോഴ്സിൽ പങ്കെടുക്കാനുള്ള സൗകര്യം കൂടി നൽകി പ്രീമാരിറ്റൽ കോഴ്സ് ലളിതവൽകരിച്ചിട്ടുണ്ട്. എങ്കിലും കൗൺസി ലിങ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് വിവാഹ അനുമതി പത്രം നൽകില്ലെന്ന പൊതു യോഗ തീരുമാനം കർശനമായി നടപ്പാക്കി വരുന്നുണ്ട്. 2011 മുതൽ 2019 ഏപ്രിൽ വരെ യുള്ള കാലങ്ങളിൽ 82 ക്ലാസ്സുകൾ നമ്മുടെ മഹല്ലിൽ നടന്നിട്ടുണ്ട്. പ്രി മാരിറ്റൽ ക്ലാസ്സ് ഇപ്പോൾ നമ്മുടെ മഹല്ലിന്റെ ദൈനംദിന കാര്യങ്ങളുടെ ഭാഗമായി തന്നെ മാറിയിട്ടുണ്ട്. മറ്റു ദീനി സംഘടനകളും മഹല്ലുകളും ഇതിന്റെ നടത്തിപ്പിന് ആശങ്ക പ്രകടിപ്പിച്ചപ്പോൾ വിജയകരമായി ഇത് നടത്തികൊണ്ടു പോകുവാൻ നമുക്കാകുന്നതിൽ നാഥനോട് നന്ദി പറയാം. അൽഹംദുലില്ലാ. പരിസര മഹല്ലുകളിൽ പലതും നമ്മുടെ വഴിയേ ഇപ്പോഴുണ്ട്. പലരും ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് നമ്മോട് ഉപദേശം തേടുന്നുണ്ട്. ചില മഹല്ലു കൾ തങ്ങളുടെ കുട്ടികളെ നമ്മുടെ കൗൺസിലിങ് ക്ലാസ്സിൽ പങ്കെടുപ്പിക്കുന്നുമുണ്ട്. നാമെടുത്ത തീരുമാനത്തിന്റെ പൊതു സ്വീകാര്യതയാണ് ഇതിന്റെ വിജയം. ഈ റിപ്പോർട്ട്

വർഷത്തിൽ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഏർപ്പെടുത്തിയ പ്രീമാരിറ്റൽ ക്ലാസ്സും നമ്മുടെ മഹല്ല് സംഘടിപ്പിച്ചിട്ടുണ്ട്. രണ്ട് ബാച്ചിന്റെ കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റും വിതരണം ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ, തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രീമാരിറ്റൽ കൗൺസിലിങ്ങിന്റെ ജില്ലാതല സമാപന സമ്മേളനം നമ്മുടെ മഹല്ലിൽ വച്ചാണ് നടന്നിട്ടുള്ളത്. കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത് പ്രിൻസിപ്പാളിന്റെ അകമഴിഞ്ഞ സഹകരണം ഇക്കാര്യത്തിൽ മഹല്ലിനുണ്ടായിരുന്നു.

ഭദ്രതയുള്ള കുടുംബങ്ങളെ ഒരുക്കിയെടുക്കാൻ നമുക്കായി എന്നതാണ് ഇതിന്റെ വിജയം. കുടുംബ പ്രശ്നങ്ങളിലും വിവാഹ മോചനങ്ങളിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ ഒരു വിവാഹ മോചനം മാത്രമാണ് സംഭവിച്ചിട്ടുള്ളത്. അതും മഹല്ലിന് മറ്റു പോംവഴികളില്ലാത്ത ഘട്ടത്തിൽ മാത്രമാണ്. ഏപ്രിൽ മുതൽ മാർച്ച് വരെ നടന്ന 89 വിവാഹങ്ങളിൽ ഒന്നൊഴികെ മറ്റൊന്നിനും യാതൊരു അസ്വസ്ഥതകളും ഉണ്ടായിട്ടില്ലാത്തത് ആശ്വാസകരമാണ്. റിപ്പോർട്ട് വർഷത്തിൽ 6 വൈവാഹിക പ്രശ്നങ്ങളാണ് മഹല്ല് കമ്മിറ്റിയുടെ മുൻപിൽ പരിഹാരത്തിനായി വന്നിട്ടുള്ളത്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടാനായതിൽ പ്രീ മാരിറ്റൽ കൗൺസിലിങ്ങ് ക്ലാസ്സിന്റെ പങ്ക് അവഗണിക്കാനാവുന്നതല്ല. താലൂക്കിലെ മഹല്ല് കൂട്ടായ്മ അവരുടെ മഹല്ലുകളിലെ അംഗങ്ങളെ കൂടി കൗൺസിലിംങ് ക്ലാസ്സിന് നമ്മുടെ മഹല്ല് ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതും ഈ അവസരങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**സി.സി.എം.വൈ. (കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്സ്) :** സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള സി.സി.എം.വൈ. ജില്ലാ കേന്ദ്രം തൃശ്ശൂർ എം.ഐ.സിയിൽ നിന്ന് നമ്മുടെ മഹല്ലിലേക്ക് മാറിയിട്ട് രണ്ട് വർഷം പൂർത്തിയാകുന്നു. രണ്ട് വർഷമായി 4 ബാച്ചുകളിൽ 523 കുട്ടികൾ ഇവിടെ പഠനം നടത്തിയത്. പി.എസ്.സി. പരിശീലന കേന്ദ്രം കഴിഞ്ഞ 4 വർഷമായി നമ്മുടെ മഹല്ലിൽ പ്രവർത്തിച്ച് വരുന്നുണ്ട്. സൺഡേ ക്ലാസ്സുകൾ മാത്രമുണ്ടായിരുന്ന ഈ കോഴ്സ് ഇപ്പോൾ ആഴ്ചയിൽ 7 ദിവസവും പ്രവർത്തിക്കുന്നുണ്ട്. 68 പേർക്ക് ഈ കേന്ദ്രത്തിലെ പരിശീലനത്തിലൂടെ സർക്കാരിന്റെ വിവിധ തസ്തികകളിൽ നിയമനം ലഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമ പദ്ധതികളും തൃശൂർ ജില്ലയിൽ സി.സി.എം.വൈ. വഴിയാണ് നടന്ന് വരുന്നത്. സൗജന്യ പി.എസ്.സി. പരിശീലന പദ്ധതിക്ക് പുറമെ ഈ സാമ്പത്തിക വർഷം വിദ്യാർത്ഥികൾക്കായുള്ള കൗൺസിലിംങ് ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, ക്ഷേമപദ്ധതികൾ എന്നിവയും കേന്ദ്രം വഴി നടക്കുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ നമ്മുടെ മഹല്ലിലെ രണ്ട് വിധവകൾക്ക് പുരപണിക്കുള്ള സഹായം സി.സി.എം.വൈ. വഴി നേടിക്കൊടുക്കാൻ നമുക്കായിട്ടുണ്ട്. സി.സി.എം.വൈ ന്റെ നേതൃത്വത്തിൽ ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ നടന്ന പ്രീമാരിറ്റൽ കൗൺസിലിങ്ങ് ക്ലാസ്സിന്റെ ജില്ലാതല സമാപനം നമ്മുടെ മഹല്ലിൽ വെച്ചാണ് സംഘടിപ്പിച്ചത്. ഇവിടെ ഈ വർഷം പരിശീലനം പൂർത്തിയാക്കിയ നമ്മുടെ മഹല്ലിലെ രണ്ട് ഉദ്യോഗാർത്ഥികൾ ഉൾപ്പെടെ 9 പേർക്ക് ഈ വർഷം നിയമന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

തീരദേശത്തെ വിവിധ മഹല്ലുകളിൽ നിന്നുള്ള കുട്ടികളാണ് പഠന കേന്ദ്രത്തിൽ പ്രധാനമായുള്ളത്. നമ്മുടെ മഹല്ല് അംഗങ്ങളിൽ 6 പേർ മാത്രമാണ് ഇപ്പോഴത്തെ ബാച്ചിൽ പഠിക്കുന്നത്. കൊടുങ്ങല്ലൂരിലെ പ്രധാനപ്പെട്ട രണ്ട് സ്വകാര്യ കോച്ചിങ് സെന്ററുകളിൽ നമ്മുടെ മഹല്ലിലെ 23 പേർ ഉയർന്ന ഫീസ് നൽകി പഠിക്കുന്നുണ്ടെന്നത് സാന്ദർഭികമായി ഉണർത്തുന്നു. കൃത്യമായ പരിശീലനവും കഠിനാധ്വാനവുമുണ്ടെങ്കിൽ സർക്കാർ ജോലി കരസ്ഥമാക്കാമെന്ന് സി.സി.എം.വൈ. തൃശ്ശൂർ സെന്റർ നമ്മുടെ മഹല്ലിലേക്ക് പ്രവർത്തനം

മാറ്റിയതിന് ശേഷമുള്ള അനുഭവം വ്യക്തമാക്കുന്നത്. മറ്റു മഹല്ലുകളിലെ കുട്ടികളും സഹോദര സമുദായങ്ങളിലെ കുട്ടികളും ഈ സൗജന്യ പരിശീലനം ഉപയോഗിക്കുമ്പോൾ മികച്ച വിദ്യാഭ്യാസം നേടിയ നമ്മുടെ മഹല്ലിലെ കുട്ടികൾക്ക് ഈ സൗജന്യ സേവനം ആവശ്യമില്ല എന്നത് ആശ്ചര്യമാണ്. രക്ഷിതാക്കളുടെ അറിവില്ലായ്മ ഇക്കാര്യത്തിൽ വലിയൊരു കാരണമായി കാണാവുന്നതാണ്.

## സമൂഹ വിവാഹം

13 വിവാഹങ്ങൾ സമൂഹ വിവാഹ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ വർഷം നടന്നിട്ടുണ്ട്. മസ്ജിദ് പ്ലാസ കെട്ടിടത്തിന്റെ നിർമ്മാണ കാലയളവിൽ പലഘട്ടങ്ങളിലായി സമൂഹ വിവാഹ ഫണ്ടിൽ നിന്നും കടമെടുത്തിരുന്ന 33 ലക്ഷം രൂപ ഈ റിപ്പോർട്ട് വർഷത്തോടെ ഏകദേശം തിരിച്ച് നൽകിയിട്ടുണ്ട്. 50,000/- രൂപ മാത്രമാണ് മഹല്ല് ഫണ്ടിൽ നിന്നും ഇനി നൽകുവാനുള്ളത്. 2012 ൽ 5 ലക്ഷം രൂപയും, 2013 ൽ 8 ലക്ഷം രൂപയും, 2014 ൽ 10 ലക്ഷം രൂപയും, 2015 ൽ 10 ലക്ഷം രൂപയും ഉൾപ്പെടെയാണ് 33 ലക്ഷം രൂപ കടമെടുത്തിരുന്നത്. 2016 ൽ 7 ലക്ഷം, 17-18ൽ 13 ലക്ഷം, 18-19 ൽ 12.5 ലക്ഷം ഉൾപ്പെടെ 32.5 ലക്ഷം രൂപ തിരിച്ച് നൽകിയിട്ടുണ്ട്. ടി കാലയളവിലെല്ലാം തന്നെ അർഹതപ്പെട്ട അപേക്ഷകർക്ക് സമൂഹ വിവാഹ ഫണ്ടിൽ നിന്ന് ധന സഹായം അനുവദിച്ചിട്ടുണ്ട്. സമൂഹ വിവാഹ ഫണ്ടിലേക്ക് തത്തുല്യ സംഖ്യ മഹല്ല് ഫണ്ടിൽ നിന്നും എടുക്കാമെന്ന പൊതുയോഗ തീരുമാനമുണ്ടെങ്കിലും കഴിഞ്ഞ 20 വർഷമായി യാതൊരു സംഖ്യയും മഹല്ല് ഫണ്ടിൽ നിന്നും ഈ ഇനത്തിൽ ഉപയോഗിച്ചിട്ടില്ലെന്നും അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 1991 ൽ ആരംഭിച്ച നമ്മുടെ സമൂഹ വിവാഹ പദ്ധതി ചില കാരണങ്ങൾ കൊണ്ട് കുറച്ച് കാലം തടസപ്പെട്ടിരുന്നെങ്കിലും 1999 മുതൽ ഈ റിപ്പോർട്ട് വർഷം വരെ മുടങ്ങാതെ നടത്തുന്നതിന് മഹല്ല് കമ്മിറ്റിയെ പ്രാപ്തമാക്കിയതിൽ അല്ലാഹുവിനോട് വിനയത്തോടെ നന്ദി പറയട്ടെ. ഈ റിപ്പോർട്ട് വർഷത്തിൽ സമൂഹ വിവാഹത്തിലേക്ക് വന്ന ഫണ്ട് ശുഷ്കമായിരുന്നു. കൂടാതെ വെള്ളിയാഴ്ചകളിലെ ബക്കറ്റ് കളക്ഷൻ പുരപണിയിനത്തിലേക്കാണ് നമ്മൾ ഉപയോഗപ്പെടുത്തിയത്. എന്നിരുന്നാലും നിലവിലുണ്ടായിരുന്ന ഫണ്ട് ഉപയോഗപ്പെടുത്തി അർഹരായ അപേക്ഷകരുടെ ആവശ്യം നിർവ്വഹിച്ച് നൽകിയിട്ടുണ്ട്. 2019-2020 വർഷത്തിൽ കൂടുതൽ ഫണ്ട് സ്വരൂപിക്കുന്നതിന് മഹല്ല് കമ്മിറ്റി ശ്രമിക്കുന്നുണ്ട്. മഹല്ലിലെ സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിലെ വിവാഹങ്ങൾക്ക് വിവാഹ സെസ് പിരിച്ചെടുക്കണമെന്ന് പൊതുയോഗ നിർദ്ദേശം നിലവിലുള്ളതാണ്. എന്നാൽ ടി സംഖ്യ കഴിഞ്ഞ കാലങ്ങളിൽ നാമമാത്രമാവുകയും ഈ വർഷം തീരെ ഇല്ലാതാവുകയും ചെയ്തത് സങ്കടകരമാണ്. സമൂഹത്തിൽ സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്നവരെ കൈപിടിച്ചുയർത്തേണ്ട സാമൂഹ്യ ബാദ്ധ്യതയാണ് നാം നഷ്ടപ്പെടുത്തുന്നതെന്ന കാര്യം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇൻശാ അള്ളാ അടുത്ത സാമ്പത്തിക വർഷത്തിൽ വിവാഹ സെസ് ഈടാക്കുന്നതിൽ ഊർജ്ജസ്വലമായ ഇടപെടലുകൾ മഹല്ലിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

## ചികിത്സ / വിവാഹം / പെൻഷൻ

റിപ്പോർട്ട് വർഷത്തിൽ 64 പേർക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ട്. ഇതിൽ 21 രോഗികൾ തീർത്തും നിസ്സഹായരും മാരക രോഗത്തിന് അടിമപ്പെട്ടവരുമാണ്. കൂടാതെ ഇവർക്ക് സാമൂഹ്യ സാംസ്കാരിക സംഘടനകൾ, സംസ്ഥാന വഖഫ് ബോർഡ് എന്നിവയുടെ സഹായങ്ങൾ ലഭ്യമാകുന്നതിനുള്ള സൗകര്യങ്ങൾ മഹല്ല് കമ്മിറ്റി ചെയ്ത് കൊടുത്തിട്ടുണ്ട്. സാമ്പത്തിക ദുരിതമനുഭവിക്കുന്ന മാരക രോഗത്തിന് അടിമപ്പെട്ടവർക്ക് പ്രതിമാസ ചികിത്സാ ഫണ്ട് അനുവദിക്കണമെന്ന ഒരു നിർദ്ദേശം മഹല്ല് കമ്മിറ്റിയുടെ

പരിഗണനയിലുണ്ട്. മഹല്ല് ഫണ്ട് മെച്ചപ്പെട്ട അവസ്ഥയിലെത്തിയതിന് ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

കൂടാതെ ഗവൺമെന്റ് താലൂക്ക് ആശുപത്രിയുടെ ഡയാലിസിസ് യൂണിറ്റിന് പ്രതിമാസം 2500/- രൂപ പ്രകാരം 30,000/- രൂപ റിപ്പോർട്ട് വർഷത്തിലും നൽകിയിട്ടുണ്ട്. മഹല്ല് കമ്മിറ്റിയിൽ ധനസഹായ അപേക്ഷ സമർപ്പിക്കുന്ന നിർദ്ദനരായ വൃക്ക രോഗികൾക്ക് മഹല്ല് കമ്മിറ്റിയുടെ ശുപാർശ പ്രകാരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസിന് മുൻഗണ നൽകുന്നുണ്ട്.

കൊടുങ്ങല്ലൂർ ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ടിനും അതിന്റെ സ്ഥാപന കാലം മുതൽ പ്രതിമാസ ഗ്രാന്റ് നൽകി വരുന്നുണ്ട്.

റിപ്പോർട്ട് വർഷത്തിൽ 8 പേർക്ക് മഹല്ല് ഫണ്ടിൽ നിന്നും വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. 60 പിന്നിട്ട 56 പേർക്കും മഹല്ല് ഫണ്ടിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്നുണ്ട്. 2,09,400/- രൂപ റിപ്പോർട്ട് വർഷത്തിൽ പെൻഷനായി വിതരണം ചെയ്തിട്ടുണ്ട്. മഹല്ലിൽ മൊത്തം വരുമാനത്തിൽ ഏകദേശം 10% ത്തിൽ അധികം സംഖ്യ ധനസഹായങ്ങൾക്ക് മാത്രമായി നീക്കി വെക്കുന്നുണ്ട്.

## പഠന സഹായം

റിപ്പോർട്ട് വർഷത്തിൽ 12 വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സിനുള്ള പഠന സഹായവും, പ്ലസ് ടു, ഡിഗ്രി വിദ്യാർത്ഥികളായ 35 പേർക്കുള്ള പ്രതിമാസ ഗ്രാന്റും നൽകിയിട്ടുണ്ട്. കൂടാതെ ഹയർ സെക്കന്ററി മദ്രസയിൽ പഠിക്കുന്ന കുട്ടികൾക്ക് യാത്രാ ചെലവും മഹല്ലിൽ നിന്നും നൽകിയിട്ടുണ്ട്. 5 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ നോട്ട് പുസ്തകങ്ങളും റിപ്പോർട്ട് വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

2006 മുതൽ നമ്മുടെ മഹല്ലിൽ നടന്ന് വരുന്ന സൗജന്യ സ്കൂൾ ട്യൂഷനും വീഴ്ചയില്ലാതെ ഈ വർഷവും നടത്തിയിട്ടുണ്ട്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലിം ജനവിഭാഗത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന SPQEM ഫണ്ട് കഴിഞ്ഞ 4 വർഷമായി ലഭിക്കുന്നില്ലെങ്കിലും ഈ ഫണ്ടിനെ ആശ്രയിച്ച് ആരംഭിച്ച സ്കൂൾ ട്യൂഷൻ മഹല്ല് കമ്മിറ്റി നിർത്തലാക്കിയിട്ടില്ല. സാധാരണക്കാരായ നൂറോളം വിദ്യാർത്ഥികൾ മഹല്ലിന്റെ ഈ സൗജന്യ ട്യൂഷൻ ഉപയോഗപ്പെടുത്തി പഠനം നടത്തുകയും മോശമല്ലാതെ വിജയം കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

മഹല്ല് അംഗങ്ങളായ രണ്ട് പേർക്ക് ഉന്നത ദീനി പഠനത്തിനുള്ള ചെലവുകളും മഹല്ലിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

മഹല്ലിന്റെ വിദ്യാഭ്യാസ മുന്നേറ്റ പ്രവർത്തനങ്ങളുടെ ഭാഗമായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, തൊഴിൽ ബോധവൽക്കരണ സെമിനാർ, കൗൺസിലിങ്ങ് ക്ലാസ്സുകൾ എന്നിവയും ഈ വർഷം നടത്തിയിട്ടുണ്ട്. എന്നാൽ മതിയായ പ്രാതിനിധ്യം കുട്ടികളിൽ നിന്നും ഉണ്ടായിട്ടില്ലെന്നതും സാന്ദർഭികമായി ചൂണ്ടിക്കാണിക്കുന്നു. എസ്.എസ്.എൽ.സി., പ്ലസ്ടു കോഴ്സുകളിൽ ഉന്നതവിജയം നേടിയ മഹല്ല് അംഗങ്ങളായ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ അവാർഡും മഹല്ല് കമ്മിറ്റി വിതരണം ചെയ്തിട്ടുണ്ട്.

## മീലാദ്

പ്രവാചകന്റെ ജന്മദിനാഘോഷം സമുചിതമായി മഹല്ല് സംഘടിപ്പിച്ചിട്ടുണ്ട്. റബിഉൽ അവ്വൽ 12 ന് പ്രാദേശിക മദ്രസകളിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും അണിനിരന്ന നബിദിന റാലിയും മുൻവർഷങ്ങളേക്കാൾ മികച്ചതാക്കാൻ കഴിഞ്ഞിട്ടുണ്ട്. റബിഉൽ

അവ്വൽ 12 മുതൽ 30 വരെ ഓരോ ദിവസങ്ങളിലായി മഹല്ലിന്റെ പ്രാദേശിക സ്ഥാപനങ്ങളിൽ നബിദിനാഘോഷ പരിപാടികളും സാംസ്കാരിക പരിപാടികളും സംഘടിപ്പിച്ച് മിലാദ് ആഘോഷങ്ങളെ ആകർഷകമാക്കി. മഹല്ല് കേന്ദ്രീകരിച്ച് നടന്ന നബിദിനാഘോഷവും കുട്ടികളുടെ കലാമത്സരങ്ങളും മികവുറ്റതാക്കാൻ അഡ്വൈസറി കമ്മിറ്റികൾ വഹിച്ച പങ്ക് അഭിനന്ദനീയമാണ്.

## സക്കാത്ത്-ഫിത്വർ സക്കാത്ത്

സക്കാത്ത് ഫണ്ടിന്റെ ശേഖരണം മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ലഭിച്ച ഒരു വർഷമായിരുന്നു ഈ റിപ്പോർട്ട് കാലം. സ്വരൂപിച്ച സംഖ്യയിൽ നിന്ന് 361 പേർക്ക് സക്കാത്ത് വിതരണം ചെയ്തിട്ടുണ്ട്. കടബാധ്യതകൾക്കൊണ്ട് ജപ്തി ഭീഷണിയിലായ ദൈന്യതയനുഭവിക്കുന്ന രണ്ട് കുടുംബങ്ങൾക്ക് ജപ്തി ഒഴിവാക്കാനുള്ള സഹായവും രണ്ട് പേർക്ക് ചികിത്സാ സഹായവും ചെയ്തിട്ടുണ്ട്. മഹല്ല് പുരനിർമ്മാണത്തിന് ബഡ്ജറ്റ് വകയിരുത്തിയതിനേക്കാൾ സംഖ്യ അധികമായിട്ടുള്ളതിനാൽ സർക്കാർ ധനസഹായത്തിൽ പുരപണിയുന്ന 7 പേർക്ക് സക്കാത്ത് ഫണ്ടിന്റെ ബാലൻസ് ഉപയോഗപ്പെടുത്തി തറ പണിയുന്നതിന് സഹായങ്ങളും നൽകിയിട്ടുണ്ട്. സക്കാത്ത് ഫണ്ടിന്റെ വിതരണത്തിൽ പരമാവധി സൂക്ഷ്മത പാലിക്കുകയും ആയതിന് അഡ്വൈസറി കമ്മിറ്റികളുടെ സഹായം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫിത്വർ സക്കാത്ത് വിതരണവും കാര്യക്ഷമമായി നടത്തിയിട്ടുണ്ട്.

## പുരപണി സഹായം

2018-19 സാമ്പത്തിക വർഷത്തിൽ 7 ലക്ഷം രൂപയാണ് പുരപണിക്ക് വേണ്ടി വകയിരുത്തിയിരുന്നത്. സംസ്ഥാന സർക്കാർ ലൈഫ് പദ്ധതി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലാണ് പുരപണിക്ക് അസാധാരണമായി ബഡ്ജറ്റ് സംഖ്യ വർദ്ധിപ്പിച്ച് പാസ്സാക്കിയിരുന്നത്. മഹല്ല് അംഗങ്ങളായ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഒന്നാംഘട്ട നിർമ്മാണമായ പുരയുടെ തറപണിക്കുള്ള ധനസഹായം അനുവദിക്കണമെന്നുള്ളതായിരുന്നു മഹല്ല് കമ്മിറ്റിയുടെ താൽപ്പര്യം. ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ എണ്ണം കൂടുതലായതിനാലും ധനസഹായത്തിന് അർഹതയുള്ള കുടുംബങ്ങളായതിനാലും ബഡ്ജറ്റ് സംഖ്യയിൽ 48,500/- രൂപ അധികവും മഹല്ല് ഫണ്ടിൽ നിന്നും അനുവദിക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ സക്കാത്ത് ഫണ്ടിൽ നിന്ന് 2,35000 ക. യും, പ്രളയ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് 2,70,000 ക. യും ഈ ഇനത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട 35 വീടുകളുടെ തറ പണിത് നൽകുന്നതിനുള്ള സഹായവും, മേൽക്കൂര തകർന്ന ഒരു വീടിന്റെ മേൽക്കൂര ട്രസ്സ് വർക്ക് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്രയധികം വീടുകളുടെ പണിയും, സംഖ്യയും ചെലവഴിക്കുന്നത് മഹല്ലിൽ ഇതാദ്യമാണ്. സംസ്ഥാന സർക്കാരിന്റെ ലൈഫ് പദ്ധതി ഉപയോഗപ്പെടുത്തി നമ്മുടെ മഹല്ലും സമ്പൂർണ്ണ പാർപ്പിട മഹല്ലാകുവാൻ കഴിയുമെന്നാണ് മഹല്ല് കമ്മിറ്റിയുടെ വിശ്വാസം. സമൂഹ വിവാഹ ഫണ്ടിലേക്ക് വെള്ളിയാഴ്ച തോറും നടത്തിയിരുന്ന ബക്കറ്റ് കളക്ഷൻ ഈ സാമ്പത്തിക വർഷം പൂർണ്ണമായി ഒഴിവാക്കി പകരം പുര പണി ഇനത്തിലേക്ക് ഫണ്ട് സ്വരൂപിക്കുകയായിരുന്നു.

## നോമ്പ് തുറക്കൽ

പ്രവാസികളായ സഹോദരങ്ങളുടെ സഹായത്താൽ നമ്മുടെ നോമ്പ് തുറക്കൽ വിപുലമായി തന്നെ നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ദിവസവും വിഭവ സമൃദ്ധമായ ഭക്ഷണം ഉൾപ്പെടെ നോമ്പുകാരനെ തൃപ്തിപ്പെടുത്തുന്ന വിധം നമ്മുക്ക് നോമ്പ് തുറപ്പിക്കാനായതിൽ

റബ്ബിനോട് നന്ദി പറയാം. ഏകദേശം അഞ്ഞൂറിൽ പരം ആളുകൾ നമ്മുടെ നോമ്പ് തുറക്കലിന് പതിവായി എത്തിച്ചേരാറുണ്ട്. ഏകദേശം 5 ലക്ഷം രൂപയാണ് ഈ ഇനത്തിൽ മഹല്ല് ചെലവഴിക്കുന്നത്. മറ്റ് ചെലവുകളെ അപേക്ഷിച്ച് നോമ്പ് തുറക്കിലെ വലിയൊരു ശതമാനം സംഖ്യയും പ്രവാസികളായ സഹോദരങ്ങൾ മഹല്ലിലേക്ക് എത്തിച്ച് തരുന്നുണ്ട്. കൂടാതെ നോമ്പ് തുറക്കലിൽ നമ്മുടെ സഹോദരങ്ങളുടെയും സഹകരണം ലഭിക്കുന്നുണ്ട്. സമൂഹ നോമ്പ് തുറ കഴിഞ്ഞ കുറച്ച് വർഷങ്ങളായി നാം നടത്താറില്ലെങ്കിലും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലെ പലരും പല സമയങ്ങളിലായി നമ്മുടെ നോമ്പ് തുറക്കലിൽ എത്തിച്ചേരാറുള്ളത് ആഹ്ലാദകരമാണ്. നാമുയർത്തിപ്പിടിക്കുന്ന സാമുദായിക സൗഹാർദ്ദത്തിന്റെ ഏറ്റവും നല്ല മാതൃകയായി നമ്മുടെ ഇഫ്താറിനെ സമൂഹം വിലയിരുത്തുന്നുണ്ട്. നോമ്പ് തുറക്കൽ വിഭവങ്ങൾ വിളമ്പുന്നതിന് സേവന സന്നദ്ധരായവരുടെ സഹകരണം മാതൃകാപരവും അഭിനന്ദനീയവുമാണ്. നാഥന്റെ അനുഗ്രഹം അവർക്ക് ലഭിക്കട്ടെ.

## മസ്ജിദ് പുനരുദ്ധാരണം

നീണ്ട കാത്തിരിപ്പിനും നിരന്തരമായ പ്രവർത്തനങ്ങൾക്കും ശേഷം മസ്ജിദ് പുനരുദ്ധാരണത്തിന് സർക്കാരിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടുള്ള വിവരം മഹല്ല് അംഗങ്ങളെ അറിയിക്കുന്നു. ആരാധനാലയങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന്റെ കർശനമായ നിയമ വ്യവസ്ഥകൾ 2013 ൽ നാമെടുത്ത തീരുമാനം ഏറെ വൈകുന്നതിന് കാരണമായി. ഒട്ടനവധി സർക്കാർ വകുപ്പുകളിൽ കയറിയിറങ്ങി ആറ് വർഷത്തെ നിരന്തര പ്രയത്നങ്ങൾക്ക് ശേഷമാണ് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ നിർമ്മാണ ഉത്തരവ് ഇറക്കിയിട്ടുള്ളത്. അതിന് മുൻപായി നഗരാസൂത്രണ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, ഫയർ & റെസ്ക്യൂ വകുപ്പ്, ജിയോളജി വകുപ്പ്, പുരാവസ്തു വകുപ്പ്, സംസ്ഥാന വഖഫ് ബോർഡ് തുടങ്ങിയ വകുപ്പുകളിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ട്. മസ്ജിദ് നിർമ്മാണം പ്രത്യേകിച്ച് ചിരപുരാതനമായ നമ്മുടെ പള്ളിയുടെ പുനരുദ്ധാരണത്തിനുള്ള അനുമതി ലഭിക്കുന്നതിനുള്ള കടമ്പകൾ നിസാരമായിരുന്നില്ല. റിപ്പോർട്ട് വർഷം അവസാനിക്കുന്നതിന് മുൻപാണ് കളക്ടറുടെ ഉത്തരവ് ഇറങ്ങിയത്. തൊട്ടുപുറകെ അകത്തെ പള്ളിയുടെ പുനരുദ്ധാരണത്തിന് 1.13 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ച് കൊണ്ടുള്ള ഉത്തരവും ഇറങ്ങിയിട്ടുണ്ട്. അകത്തെ പള്ളിയുടെ നിർമ്മാണത്തിനുള്ള ക്വട്ടേഷൻ നടപടികൾ പുരോഗമിക്കുന്നതിനിടയിലാണ് പൊതു തെരഞ്ഞെടുപ്പ് വിജ്ഞാപനം വന്നിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ആയിരം ദിനം തികഞ്ഞ വേളയിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉൽഘാടനം ആലോചിച്ചിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് വിജ്ഞാപനം അതിന് തടസമായി.

മറ്റു സാങ്കേതിക തടസങ്ങൾ നീങ്ങിയ സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ വേണമെങ്കിലും തുടങ്ങാവുന്ന അനുകൂല സാഹചര്യം ഉണ്ടായിട്ടുണ്ട്. മസ്ജിദ് പുനരുദ്ധാരണ ഫണ്ട് സമാഹരിക്കുന്നതിന് ഒരു പുതിയ ബാങ്ക് അക്കൗണ്ടും മഹല്ല് കമ്മിറ്റി ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല സംസ്ഥാന വഖഫ് ബോർഡ് വഴി വിദേശ ഫണ്ട് സ്വരൂപിക്കുന്നതിനുള്ള അനുമതി പത്രവും ബോർഡിൽ നിന്നും മഹല്ലിന് അനുവദിച്ചിട്ടുണ്ട്.

## മുസ്രിസ് പൈതൃക പദ്ധതി / കേന്ദ്രസംസ്ഥാന പദ്ധതികൾ

മുസ്രിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി നമ്മുടെ മസ്ജിദിൽ ഈ റിപ്പോർട്ട് വർഷം യാതൊരു പദ്ധതികളും നടന്നിട്ടില്ല. ഇസ്ലാമിക പൈതൃക മ്യൂസിയത്തിന്റെ

J

വീഡിയോ, പാനൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും മ്യൂസിയം പൂർണ്ണ തോതിൽ സജ്ജമാക്കാൻ ഇനിയും 4 മാസം വേണ്ടി വരുമെന്നാണ് കരുതുന്നത്. 1.18 കോടി രൂപ വക നിശ്ചയിച്ച് മൂന്ന് വർഷം മുൻപാണ് പദ്ധതി ആരംഭിച്ചത്. മുസ്രിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി മസ്ജിദ് പുനരുദ്ധാരണത്തിന് 1.13 കോടി രൂപ വകയിരുത്തിയിട്ടുള്ളതും എൻകൽ എന്ന കൺസ്ട്രക്ഷൻ കമ്പനിയെ സർക്കാർ നിർമ്മാണ ചുമതല ഏൽപ്പിച്ച് ഉത്തരവിറക്കിയിട്ടുള്ളതുമാണ്. ഇതിന്റെ ക്വട്ടേഷൻ ജോലികൾ പുരോഗമിക്കുന്നതായാണ് ലഭ്യമാകുന്ന വിവരം. കേന്ദ്രസർക്കാരിന്റെ 'പ്രസാദം' പദ്ധതിയിൽ ഉൾപ്പടുത്തി മസ്ജിദിന്റെ ഭൗതിക സാഹചര്യങ്ങൾ, പാർക്കിംഗ് ഏരിയയുടെ വികസനം, മെസ്, കോൺഫറൻസ് ഹാൾ എന്നിവ ഉൾപ്പെടെയുള്ള കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് 8.34 കോടി രൂപയും, കേന്ദ്ര സർക്കാരിന്റെ തന്നെ 'സ്വദേശി ദർശൻ' പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപയുടെ പ്രവർത്തികളും അനുവദിച്ചിട്ടുണ്ട്. ഇതിൽ മസ്ജിദ് പുനരുദ്ധാരണത്തിന്റെയും 'സ്വദേശി ദർശൻ' പദ്ധതിയുടെയും ഫണ്ടുകൾ സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ 8.34 കോടി രൂപ വക കൊള്ളിച്ചിട്ടുള്ള 'പ്രസാദം' പദ്ധതിയെക്കുറിച്ച് കേന്ദ്ര ടൂറിസം സഹമന്ത്രിയുമായും, കേന്ദ്ര ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുമായുള്ള ചർച്ചകളും മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. സർക്കാർ അറിയിപ്പുകൾ ഇതുവരെ ലഭിച്ചിട്ടില്ലെങ്കിലും വളരെ പ്രധാനപ്പെട്ട സ്പിരിച്വൽ ടൂറിസം പദ്ധതിയായ 'പ്രസാദം പ്രൊജക്ടിൽ' നമ്മുടെ മഹല്ലിനെ കൂടി ഉൾപ്പെടുത്തുന്നതിന് മഹല്ല് കമ്മിറ്റി ആവശ്യമായ ശ്രമങ്ങൾ നടത്തുന്നതാണ്.

നമ്മുടെ മഹല്ലിന്റെ വികസന പ്രവർത്തനങ്ങൾക്ക് നിരവധി പദ്ധതികൾ കമ്മിറ്റി ആസൂത്രണം ചെയ്തിട്ടുള്ളതും യഥാ സമയങ്ങളിൽ അതാത് സർക്കാരുകൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രഖ്യാപനങ്ങളിൽ ഒതുങ്ങുകയല്ലാതെ പല പദ്ധതികളും നടപ്പിലായിട്ടില്ല. കൂടാതെ കർശനമായ സർക്കാർ സംവിധാനങ്ങളും, ചില വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും മെല്ലെപ്പോക്കും നാടിന് ഗുണകരമാകേണ്ട പല പദ്ധതികളുടെയും വൈകുന്നതിനും കാരണമായിട്ടുണ്ട്. എൻ.എച്ച്. 66 ബൈപ്പാസ് ഉൽഘാടനം കഴിഞ്ഞ് രണ്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും പ്രമുഖ ടൂറിസം കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന കൊടുങ്ങല്ലൂരിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള ദിശാ ബോർഡുകൾ ഇതുവരെ സ്ഥാപിച്ചിട്ടില്ല. വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയ ഒട്ടനവധി നിവേദനങ്ങൾ സർക്കാരിലേക്ക് വിവിധ സമയങ്ങളിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പ് ദിശാബോർഡുകൾക്ക് അനുമതി നൽകി ഫണ്ട് വകയിരുത്തിയെങ്കിലും ഇതുവരെ സ്ഥാപിച്ചിട്ടില്ല. എന്നിരുന്നാലും ബൈപ്പാസിൽ നിന്നും പള്ളിയിലേക്കുള്ള പ്രവേശന ഭാഗത്ത് മഹല്ല് കമ്മിറ്റി ഗെയിറ്റ് സ്ഥാപിച്ച് പള്ളിയുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. മസ്ജിദിന് മുൻവശം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കണമെന്ന നിരന്തര ആവശ്യം മുസ്രിസ് പൈതൃക പദ്ധതിയിലും, സംസ്ഥാന ടൂറിസം വകുപ്പിനെയും അറിയിച്ചിരുന്നുവെങ്കിലും പരിഗണിക്കാതിരുന്ന ഘട്ടത്തിൽ വി.ആർ. സുനിൽകുമാർ എം.എൽ.എ ഇടപെട്ട് പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഹൈമാസ്റ്റ് അനുവദിച്ചതിൽ അദ്ദേഹത്തിനോടുള്ള നന്ദി അറിയിക്കുന്നു.

## പ്രമുഖ വ്യക്തികളുടെ മസ്ജിദ് സന്ദർശനം

കഴിഞ്ഞ പ്രവർത്തി വർഷത്തിൽ നമ്മുടെ മസ്ജിദ് സന്ദർശിച്ച പ്രധാന വ്യക്തികളിൽ പ്രഥമ ഗണനീയൻ ഇന്ത്യയിലെ സൗദി അംബാസഡറായ ഡോ. സഊദ് മുഹമ്മദ് അൽ സാഠിയായിരുന്നു. അംബാസഡറും സൗദി മിലിറ്ററി അറ്റാഷയും ജുമാ നമസ്കാരത്തിൽ കൂടി പങ്കെടുത്താണ് മടങ്ങിയത്. മസ്ജിദിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കേട്ടറിഞ്ഞ മെട്രോമാൻ ഡോ. ഇ. ശ്രീധരൻ, പശ്ചിമബംഗാൾ മന്ത്രി, 15 ഓളം വരുന്ന

ഐ.പി.എസ്. ട്രെയിനികൾ, യുനെസ്കോ പ്രതിനിധികൾ, ഡൽഹി ജാമിയ മില്ലിയ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, സംസ്ഥാന നിയമസഭ സ്പീക്കർ ശ്രീരാമകൃഷ്ണൻ തുടങ്ങിയ നിരവധി പേർ പള്ളി സന്ദർശിച്ചിട്ടുണ്ട്. അതിനേക്കാളുപരിയായി പള്ളിയുടെ ചരിത്രം പഠിക്കുന്നതിനും, പഴയ പള്ളിയുടെ വാസ്തു ശില്പകല മനസ്സിലാക്കുന്നതിനും ആയിരക്കണക്കിന് സഞ്ചാരികളും നൂറുകണക്കിന് ചരിത്ര വിദ്യാർത്ഥികളും റിപ്പോർട്ട് വർഷം പള്ളിയിലെത്തിയിട്ടുണ്ട്. ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതി കെന്നത്ത് ജെസ്റ്റർ കേരളം സന്ദർശിച്ച വേളയിൽ, മഹല്ല് പ്രതിനിധികളെ കൂടിക്കാഴ്ചയ്ക്കായി എറണാകുളത്തേക്ക് ക്ഷണിച്ചിരുന്നതും, പള്ളിയുടെ ചരിത്രം അദ്ദേഹത്തിന് വിശദീകരിച്ച് കൊടുത്തിട്ടുള്ളതുമാണ്. പല യൂണിവേഴ്സിറ്റികളിലെയും ചരിത്ര വിദ്യാർത്ഥികൾ ചേരമാൻ ജുമാ മസ്ജിദിന്റെ ചരിത്രം അവരുടെ തീസിസ് വിഷയമാക്കി പഠനം നടത്തി വരുന്നുണ്ട്. മസ്ജിദ് കാണുവാൻ വരുന്നവരെ ഹൃദയപൂർവ്വം സ്വീകരിക്കാനും, ഇസ്ലാമിന്റെ ആതിഥേയ മര്യാദ അവരെ ബോധ്യപ്പെടുത്താനും നമുക്കായിട്ടുണ്ട്. ചേരമാൻ ജുമാ മസ്ജിദിന്റെ ഖ്യാതി നാൾക്കുനാൾ വർദ്ധിച്ച് വരികയും അത് ലോക പ്രശസ്തവുമായി കൊണ്ടിരിക്കുന്ന ഒരു വർത്തമാന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് എന്നതിൽ അല്ലാഹുവിനോട് നന്ദി പറയുന്നു.

## സൗദി സർക്കാരിന്റെ അതിഥിയായുള്ള മഹല്ല് പ്രസിഡന്റിന്റെ ഹജ്ജ് യാത്ര

പോയ വർഷത്തിൽ നമ്മുടെ മഹല്ലിന് ലഭിച്ച ലോകോത്തര അംഗീകാരമായിരുന്നു സൗദി അറേബ്യ സർക്കാർ മഹല്ല് പ്രസിഡന്റിനെ സർക്കാർ അതിഥിയാക്കി ഹജ്ജിന് ക്ഷണിച്ചത്. സൗദി അംബാസിഡർ എച്ച്.ഇ. ഡോ. സഊദ് അൽ മുഹമ്മദ് സാഠി നമ്മുടെ മസ്ജിദ് സന്ദർശിച്ചതിന് ശേഷം ഈ പള്ളിയുടെ ചരിത്ര പശ്ചാത്തലവും, പാരമ്പര്യവും ഉൾക്കൊണ്ട് മഹല്ല് പ്രസിഡന്റ് ഡോ. പി. എ. മുഹമ്മദ് സഈദിനെ പരിശുദ്ധ ഹജ്ജ് നിർവ്വഹിക്കുന്നതിന് സൗദി സർക്കാരിന്റെ അതിഥിയായി ക്ഷണിക്കുകയായിരുന്നു. 20 ദിവസമാണ് സൗദി സർക്കാരിന്റെ പ്രത്യേക പരിഗണനയിൽ അദ്ദേഹം സൗദിയിൽ താമസിച്ചതും പരിശുദ്ധ ഹജ്ജ് കർമ്മം നിർവ്വഹിച്ചതും. ചരിത്രത്തിൽ അത്യപൂർവ്വമായി ലഭിക്കുന്ന ഒരു അംഗീകാരമായി കമ്മിറ്റി ഇതിനെ കണക്കാക്കുന്നു. ഇന്ത്യയിൽ നിന്ന് 20 പേർ മാത്രമാണ് സൗദി രാജാവിന്റെ അതിഥികളായി ഹജ്ജ് നിർവ്വഹിക്കാൻ ക്ഷണം ലഭിച്ചത്. നമ്മുടെ പള്ളിയുടെ ചരിത്രത്തിൽ ഈ ഹജ്ജ് യാത്ര മറ്റൊരു പൊൻതൂവലായി.

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

സംസ്ഥാനം അഭിമുഖീകരിച്ച നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷമായ വെള്ളപ്പൊക്കത്തിൽ ജനജീവിതം ദുസ്സഹമായപ്പോൾ നമ്മുടെ പള്ളിയും അതിന്റെ സംവിധാനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും, അതിജീവനത്തിനും സഹായമൊരുക്കുകയുണ്ടായി. ജൂലൈ മാസത്തിലെ കനത്ത മഴയിൽ മേത്തല വില്ലേജിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ താമസക്കാർക്ക് ബാലാനുബോധിനി സ്കൂളിൽ തുടങ്ങിയ ദുരിതാശ്വാസ ക്യാമ്പിന്റെ നടത്തിപ്പ് ചേരമാൻ ജുമാ മസ്ജിദിനായിരുന്നു. ആഗസ്റ്റ് മാസത്തിന്റെ പകുതിയിൽ തുടങ്ങിയ കൊടും മഴയിൽ പകുതിയും മുങ്ങിയ കേരളത്തിനൊപ്പം നമ്മുടെ മഹല്ലിന്റെ പകുതിയും വെള്ളത്തിലായിരുന്നു. നമ്മുടെ മ്യൂസിയം ഹാൾ, മൂന്ന് മദ്രസകളും മസ്ജിദ് പ്ലാസ ബിൽഡിങ്ങും ദുരിതാശ്വാസ കേന്ദ്രങ്ങളായിരുന്നു. ഉഴുവത്തുകടവ്, കാവിൽകടവ്, എൽത്തുരുത്ത്, ആനാപ്പുഴ, കോട്ടപ്പുറം, വി.പി. തുരുത്ത്, അരാകുളം, മേത്തല വില്ലേജിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ തുടങ്ങിയ മഹല്ല് പ്രദേശങ്ങൾ മുഴുവനും പ്രളയബാധിതമായിരുന്നു. നമ്മുടെ മഹല്ലിലെ 800 ഓളം കുടുംബങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറുകയോ,

ബന്ധുവീടുകളിൽ അഭയം തേടുകയോ ചെയ്തിട്ടുണ്ട്. വാഹന ഗതാഗതം തടസപ്പെട്ട് റോഡിൽ അകപ്പെട്ട ദീർഘദൂര യാത്രക്കാർ ഉൾപ്പെടെയുള്ളവർക്ക് നമ്മുടെ പള്ളിയിൽ അഭയമൊരുക്കി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മഹല്ലിന്റെ ആംബുലൻസ് മുഴുവൻ സമയവും പ്രവർത്തന സജ്ജമായിരുന്നു. ഈ സാഹചര്യത്തിലായിരുന്നു വുളൂഹിയത്ത് പ്രവർത്തനങ്ങളും നടന്ന് വന്നിരുന്നത്. ബലിമൃഗങ്ങളെ വാങ്ങുന്നതിന്, അഞ്ച് ലക്ഷം രൂപയോളം ഷെയർ സ്വരൂപിക്കുകയും മൃഗങ്ങൾക്കായി അഡ്വാൻസ് സംഖ്യ നൽകുകയും ചെയ്ത സാഹചര്യത്തിലാണ് നാട് കനത്ത പ്രളയത്തിൽ മുങ്ങിയത്. വുളുഹിയത്ത് നടത്തുന്നതിനെക്കുറിച്ച് കമ്മിറ്റി പുനരവലോകനം നടത്തുകയും, പ്രളയത്തിൽപ്പെട്ട 800 ഓളം കുടുംബങ്ങൾ അവരുടെ വീടുകളിൽ ഇല്ലാത്ത സാഹചര്യത്തിലും, വുളുഹിയത്ത് നടക്കുന്ന നമ്മുടെ പള്ളിയിലെ ദുരിതാശ്വാസ ക്യാമ്പും പരിഗണിച്ച്, സർവ്വോപരി നാട് സർവ്വനാശത്തെ അഭിമുഖീകരിക്കുമ്പോൾ അതിനെ സഹായിക്കലാണ് നിർബന്ധ ബാദ്ധ്യത എന്ന ഉപദേശം കണക്കിലെടുത്ത് ഈ വർഷത്തെ വുളുഹിയത്ത് ഒഴിവാക്കാൻ കമ്മിറ്റി തീരുമാനിക്കുകയായിരുന്നു. ഷെയർ നൽകിയ ഓരോരുത്തരേയും വിളിച്ച് തീരുമാനം അറിയിക്കുകയും അവർ തന്ന സംഖ്യ മഹല്ലിന്റെ, പ്രളയ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ അതല്ലെങ്കിൽ സ്വന്തം നിലയ്ക്ക് വുളൂഹിയത്ത് നടത്താമെന്നും അറിയിച്ചിട്ടുണ്ട്. ഷെയർ തന്ന 8 പേർ മാത്രമാണ് അവരുടെ ഷെയർ തിരികെ വാങ്ങിയത്. ഒരാൾ പണം മഹല്ലിൽ സൂക്ഷിക്കാനും അടുത്ത വർഷത്തേക്ക് ഉപയോഗപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചിരുന്നു.

വുളുഹിയത്തിന് ഷെയർ തന്നവരുടെ സമ്മതപ്രകാരം ഈ സംഖ്യയും കമ്മിറ്റി സ്വരൂപിച്ച സംഖ്യകളും ഉൾപ്പെടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അമുസ്ലീം സഹോദരങ്ങളുടേതുൾപ്പെടെ 31 വീടുകളുടെ പുനർ നിർമ്മാണങ്ങൾ നടത്തുകയും 9 വീടുകളുടെ തറയുടെ പണിയും ചെയ്ത് കൊടുത്തിട്ടുണ്ട്. പ്രളയത്തിന് ശേഷം ഏകദേശം നാല് ലക്ഷം ലിറ്റർ കുടിവെള്ളവും മഹല്ല് വിതരണം നടത്തിയിട്ടുണ്ട്.

വുളുഹിയത്ത് ഒഴിവാക്കുകയും പകരം പ്രകൃതി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുകയും ചെയ്യുക എന്ന അതിപ്രധാന തീരുമാനം എടുത്തപ്പോൾ മഹല്ല് കമ്മിറ്റിയുടെ മുന്നിൽ ഇസ്ലാം കാണിച്ച് തന്ന കാരുണ്യവും സഹാനുഭൂതിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. സമൂഹ മാധ്യമങ്ങളിൽ ഒറ്റപ്പെട്ട കുറ്റപ്പെടുത്തലുകൾ ഉണ്ടായെങ്കിലും നന്മയുടെ ഭാഗത്ത് ഈ മഹല്ല് അംഗങ്ങൾ ഉറച്ച് നിന്നതിലും, കാരുണ്യത്തിന്റെ കാവലാളുകളായതിലും അള്ളാഹുവിനോട് നന്ദി പറയുന്നു. നാടും നഗരവും വെള്ളത്തിൽ മുങ്ങിയപ്പോൾ ദുരിത ബാധിതരോട് ചേർന്നു നിൽക്കാനുള്ള മഹല്ല് കമ്മിറ്റിയുടെ തീരുമാനത്തോട് ഐക്യദാർഢ്യപ്പെട്ട, ഇസ്ലാമിന്റെ ചൈതന്യം പകർന്നു നൽകുവാൻ കമ്മിറ്റി തീരുമാനത്തോട് സർവ്വാത്മനാ സഹകരിച്ച എല്ലാ മഹല്ല് അംഗങ്ങളോടും, ഷെയർ തന്നവരോടുമുള്ള കടപ്പാട് കണക്കറ്റതാണ്.

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേതൃത്വ പരമായ പങ്ക് വഹിച്ചതിനും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയതിനും മഹല്ലിന് ലഭിച്ച അംഗീകാരം ചെറുതായിരുന്നില്ല. സാമൂഹ്യ ക്ഷേമ പ്രവർത്തന രംഗത്ത് ചേരമാൻ മസ്ജിദിന്റെ സ്ഥാനം ഉറപ്പിക്കാനും, മാധ്യമങ്ങളുടെയും സോഷ്യൽ മീഡിയയുടെയും അളവറ്റ അഭിനന്ദനങ്ങൾ നേടാനും ഈ മഹല്ലിനായി. ജില്ലാ ഭരണകൂടത്തിന്റെ അഭ്യർത്ഥന പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് ഒരു ലക്ഷം രൂപ നാം സമാഹരിച്ച് നൽകിയിട്ടുള്ളത് കൂടി അറിയിക്കട്ടെ.

മഹല്ലിന്റെ മികച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ പരിഗണിച്ച് വടക്കേക്കര പഞ്ചായത്തിന്റെ മിൽ വോയ്സ് പുരസ്കാരവും, മെട്രോ ദിനപത്രത്തിന്റെ പുരസ്കാരവും ലഭിച്ചിട്ടുള്ളതും മഹല്ലിന് ഒരു അംഗീകാരമായി. നമ്മുടെ മഹല്ലിലെ വി.പി. തുരുത്ത്, കോട്ടപ്പുറം, കാവിൽക്കടവ് മസ്ജിദുകൾ പ്രളയദുരിതത്തിൽ അകപ്പെട്ട സ്ഥാപനങ്ങളാണ്. വി.പി. തുരുത്ത്, കാവിൽക്കടവ് മദ്രസ്സകളാണ് ഇതിൽ കൂടുതൽ കെടുതികൾ അനുഭവിക്കേണ്ടി വന്നത്. പള്ളികൾക്ക് സംഭവിച്ച നാശനഷ്ടങ്ങളുടെ കണക്കെടുത്ത് യഥാസമയം രേഖാമൂലം മഹല്ല് കമ്മിറ്റി സംസ്ഥാന വഖ്ഫ് ബോർഡിൽ അറിയിക്കുകയും, ബോർഡ് ഉദ്യോഗസ്ഥന്മാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കോട്ടപ്പുറം മദ്രസ്സയ്ക്ക് 19,125 രൂപയും, കാവിൽക്കടവ് മസ്ജിദിന് 11,375 രൂപയും, വി.പി. തുരുത്ത് മസ്ജിദിന് 26,375 രൂപയും ഉൾപ്പെടെ ആകെ 56,875 രൂപ പ്രളയദുരിതാശ്വാസമായി സംസ്ഥാന വഖ്ഫ് ബോർഡിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുണ്ട്.

## ഇതര പ്രവർത്തനങ്ങൾ

***1. റിപ്പബ്ലിക് ദിനം***

ഈ വർഷത്തെ നമ്മുടെ മഹല്ലിന്റെ റിപ്പബ്ലിക് ദിനാഘോഷം വേറിട്ട ഒന്നായിരുന്നു. അതിർത്തി സുരക്ഷാ സേനയുടെ ക്യാപ്റ്റൻ ഉൾപ്പെടെയുള്ള അംഗങ്ങൾ പള്ളിയിൽ നടന്ന പതാക ഉയർത്തൽ ചടങ്ങിൽ പങ്കെടുത്ത് ചടങ്ങിനെ പ്രാധാന്യമുള്ളതാക്കി.

***2. ഭൗമദിനാചരണം***

ലോക ഭൗമദിനാചരണ പദ്ധതി വിളക്കുകൾ അണച്ച് ഭൂമിയുടെ സുരക്ഷിതത്വത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കണമെന്ന ഐക്യ രാഷ്ട്ര സഭയുടെ ആഹ്വാനം ഉൾക്കൊണ്ട് നമ്മുടെ പള്ളിയിൽ ഒരു മണിക്കൂർ വൈദ്യുതി വിളക്കുകൾ അണച്ച് റാന്തൽ വെളിച്ചം ഉപയോഗിക്കുകയുണ്ടായി.

***3. ലോക സാമൂഹ്യ നീതിദിനം***

ദളിത്, മുസ്ലീം ന്യൂനപക്ഷങ്ങളുടെ സംവരണാനുകൂല്യം അട്ടിമറിക്കുന്ന സർക്കാരുകളുടെ നയത്തിൽ പ്രതിഷേധിച്ചും സാമ്പത്തിക സംവരണ നയത്തിനുമെതിരെ ലോക സാമൂഹ്യ നീതി ദിനത്തിൽ പ്രതിഷേധ സംഗമം നടത്തുകയുണ്ടായി. കെ.പി.എം.എസ് ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ പങ്കെടുത്ത പ്രതിഷേധ സംഗമം സാമ്പത്തിക സംവരണ തീരുമാനത്തിനും, കെ.എ.എസിൽ ദളിത്-മുസ്ലീം ന്യൂനപക്ഷങ്ങൾ ഭരണഘടന അനുശാസിക്കുന്ന സംവരണം അനുവദിക്കണമെന്നും ആവശ്യപ്പെട്ട സംയുക്ത നിവേദനം സർക്കാരിന് നൽകി.

***4. ആയുർവ്വേദ ചികിത്സാ ക്യാമ്പ്***

കേന്ദ്ര സർക്കാരിന്റെ ആയുഷ് വകുപ്പിന്റെ പദ്ധതി പ്രകാരം അഴീക്കോട് ആയുർവേദാശുപത്രിയും നമ്മുടെ മഹല്ലും സംയുക്തമായി സൗജന്യ ആയുർവ്വേദ ചികിത്സയും, രക്ത പരിശോധനയും സംഘടിപ്പിച്ചു. നൂറിൽപരം രോഗികൾ ക്യാമ്പ് ഉപയോഗപ്പെടുത്തി.

***4. പുൽവാമ രക്തസാക്ഷികൾക്ക് ആദരം***

അതിർത്തി രക്ഷാ സേനക്ക് നേരെ നടന്ന നിഷ്ഠൂരമായ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട സൈനികർക്ക് അനുശോചനം അർപ്പിച്ചു മഹല്ല് കമ്മിറ്റി നഗരസഭ ചെയർമാനെ ഉൾപ്പെടുത്തി അനുശോചന യോഗം നടത്തി. ക്രൂരമായ കൂട്ടക്കുരിതിയിൽ മരണപ്പെട്ട മലയാളി, വയനാട് സ്വദേശി വസന്തകുമാറിന്റെ കുട്ടികളുടെ പഠന ചെലവിലേക്ക് മഹല്ല്

കമ്മിറ്റി സ്വരൂപിച്ച 50,000/- രൂപ വസന്തകുമാറിന്റെ വീട്ടിലെത്തി കമ്മിറ്റി കൈമാറിയത് കേരളം ഏറ്റെടുത്ത വാർത്തയായിരുന്നു. നഗരസഭ കൗൺസിലർമാർ, സാംസ്കാരിക പ്രവർത്തകർ, മഹല്ല് കമ്മിറ്റി അംഗങ്ങൾ, ഇമാം എന്നിവരുടെ സംഘമാണ് വസന്തകുമാറിന്റെ വീട്ടിലെത്തി ആശ്വാസം പകർന്നത്. വസന്തകുമാറിന്റെ മക്കളുടെ പഠനത്തിന് രണ്ട് വെള്ളിയാഴ്ചകളിലായാണ് ബക്കറ്റ് കളക്ഷൻ നടത്തി ഫണ്ട് സ്വരൂപിച്ചത്. വൈത്തിരി ഗ്രാമപഞ്ചായത്ത്, വൈത്തിരി മഹല്ല് കമ്മിറ്റി, മുട്ടം ഓർഫനേജ് കമ്മിറ്റി എന്നിവരുടെ നേതൃത്വത്തിൽ ഹൃദ്യമായ സ്വീകരണമാണ് മഹല്ലിന് വയനാട്ടിൽ ഒരുക്കിയിരുന്നത്.

***5. ഹൃദയവേദനയോടെ അൻസി അലി ബാവ***

ലോകമെങ്ങുമുള്ള കനത്ത ഇസ്ലാമോഫോബിയയുടെ ഇരയായി ന്യൂസിലന്റിൽ മതഭ്രാന്തന്റെ കൂട്ടക്കൊലയിൽ മരിച്ച കരിപ്പാക്കുളം അലിബാവയുടെ മകൾ അൻസിയുടെ ജനാസ വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിലാണ് നമ്മുടെ പള്ളിയിൽ ഖബറടക്കിയത്. അക്രമിയെ ഒറ്റപ്പെടുത്തുകയും ഇരകളെ ചേർത്തു പിടിക്കുകയും ചെയ്ത ന്യൂസിലന്റ് എന്ന കൊച്ചു രാജ്യത്തിന് ഇന്ത്യയിലെ മുസ്ലിംകൾക്ക് വേണ്ടി നന്ദി അറിയിക്കുവാൻ മഹല്ല് കമ്മിറ്റി ശ്രമിച്ചിട്ടുണ്ട്. അൻസിയുൾപ്പെടെയുള്ള നിരപരാധികളുടെ മരണം പോലെ ചർച്ച ചെയ്യപ്പെട്ടതാണ് ന്യൂസിലന്റിന്റെ മാനുഷിക മുഖം. അകാലത്തിൽ പൊലിഞ്ഞ അൻസിക്ക് വേണ്ടി നമുക്ക് ദുആ ചെയ്യാം.

***6. മസ്ജിദിന്റെ ചരിത്രം***

നമ്മുടെ പള്ളിയുടെ സമഗ്രമായ ചരിത്ര ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് പലഘട്ടങ്ങളിലും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതിന് പരിഹാരമായി പൊന്നാനി സ്വദേശിയും അദ്ധ്യാപകനും ചരിത്രകാരനുമായ ജ. അബ്ദുറഹിമാൻ സാഹിബിനെ പള്ളിയുടെ ചരിത്രം തയ്യാറാക്കാൻ ഏൽപിച്ചിട്ടുള്ളതും അദ്ദേഹം അത് ഏകദേശം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ആവശ്യമായ വായനകൾ നടത്തി കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നടത്തി ഇൻശാ അള്ളാ മൂന്ന് മാസത്തിനുള്ളിൽ ഇത് പ്രസിദ്ധീകരിക്കാനാകുമെന്ന് കരുതുന്നു.

***7. സെൻസസ് പ്രവർത്തനങ്ങൾ***

2008 ൽ നടന്ന മഹല്ല് സെൻസസിന് ശേഷം മഹല്ല് ഭരണഘടന പ്രകാരം ഈ റിപ്പോർട്ട് വർഷത്തിൽ പുതിയ സെൻസസ് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അംഗങ്ങളുടെ കൂടുതൽ വ്യക്തമായ വിവരങ്ങളും ടെലഫോൺ നമ്പറുകളും ഈ സെൻസസ് പ്രവർത്തനങ്ങളിലൂടെ ശേഖരിക്കാനായിട്ടുണ്ട്. അതോടൊപ്പം മഹല്ല് അംഗങ്ങളായ മഹല്ല് പരിധിക്ക് പുറത്ത് താമസിക്കുന്ന വലിയൊരു വിഭാഗം ആളുകളുടെ വിവരങ്ങൾ ശേഖരിക്കാൻ കഴിയാതിരുന്നവരും സെൻസസ് പ്രവർത്തനങ്ങളുടെ പോരായ്മയായി. ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറിൽ പകർത്തുന്ന ജോലികൾ പുരോഗമിക്കുന്നുണ്ട്. ഇൻശാ അള്ളാ അടുത്ത സാമ്പത്തിക വർഷത്തിൽ മഹല്ലിനെ സംബന്ധിച്ച കൃത്യവും സമഗ്രവുമായ വിവരങ്ങൾ നമ്മുടെ കൈവശമുണ്ടാകും.

***നുസ്റത്തുൽ മസാക്കീൻ, അൽഅമീൻ...***

***സ്ത്രീ ശാക്തീകരണ പരിപാടികളുമായി***

നമ്മുടെ മഹല്ലിലെ സഹോദരിമാരെ സ്വയംപര്യാപ്തരാക്കണമെന്ന ചർച്ചകളിൽ പല നിർദ്ദേശങ്ങളും ഉയർന്ന് വന്നിട്ടുള്ളതുമാണ്. എന്നാൽ നടപ്പാക്കുന്നതിലെ അപ്രായോഗികതകൾ തീരുമാനങ്ങൾ മാറ്റി വെക്കുവാൻ നിർബന്ധിതരാകുകയായിരുന്നു. സാധാരണക്കാരായ കുടുംബങ്ങളെ കുറഞ്ഞപക്ഷം വട്ടിപ്പലിശക്കാരിൽ നിന്നെങ്കിലും ഒഴിവാക്കി

കുടുംബങ്ങളെ താഴെ തട്ടിൽ നിന്ന് ഉയർത്തിക്കൊണ്ട് വരണമെന്ന പൊതുനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളെ ഉൾപ്പെടുത്തി രണ്ട് പലിശ രഹിത പരസ്പര സഹായ സംഘങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വി.പി. തുരുത്ത് മദ്രസ്സ കേന്ദ്രീകരിച്ച് 68 സ്ത്രീകൾ അംഗങ്ങളായ 'നുസ്റത്തുൽ മസാക്കീൻ' (സാധാരണക്കാരുടെ കൂട്ടായ്മ) 29 അംഗങ്ങളുള്ള ലോകമലേശ്വരം കേന്ദ്രമായി പ്രവർത്തിക്കുന്ന 'അൽഅമീൻ' എന്നിവയാണ് ഈ സംഘടനകൾ. അംഗങ്ങൾ പ്രതിമാസം ശേഖരിക്കുന്ന വരിസംഖ്യ മൂലധനമാക്കി പലിശ രഹിത വായ്പകൾ നൽകുകയും, സ്വയം തൊഴിൽ, കുടിൽ വ്യവസായങ്ങൾ എന്നിവക്ക് പലിശ രഹിത വായ്പ ലഭ്യമാക്കുകയുമാണ് സംഘടനകളുടെ പ്രഥമ ലക്ഷ്യം. മഹല്ലിന്റെ തെക്കേ അറ്റത്തും, വടക്കേ അറ്റത്തും പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ സംഘടനകളുടെ പ്രവർത്തനം വിലയിരുത്തി മറ്റു മദ്രസ്സകളുടെ പരിധികളിലേക്ക് കൂടി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. തീർച്ചയായും സഹോദരിമാർക്കിടയിൽ നിന്ന് ആവേശകരമായ പ്രതികരണം ഇതിന് ലഭിക്കുന്നുണ്ട്. വർഷങ്ങളായി മഹല്ലിൽ പലിശ രഹിത പ്രസ്ഥാനമായി പ്രവർത്തിച്ചുവരുന്ന അലിഫ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉപദേശങ്ങളും, സഹകരണവും, സഹായങ്ങളും നമ്മുടെ സ്ത്രീ ശാക്തീകരണ പലിശ രഹിത പരസ്പര സഹായ സംഘത്തിന് ലഭിക്കുന്നതിൽ മഹല്ല് കമ്മിറ്റിക്ക് അതിയായ സന്തോഷവുമുണ്ട്. വനിതകൾ മാത്രം കൈകാര്യം ചെയ്യുന്ന സംഘടനകൾ നമ്മുടെ സ്ത്രീ ശാക്തീകരണ പ്രക്രിയകളുടെ തുടക്കമായി കണക്കാക്കാം. മഹല്ലിന്റെ മറ്റു ഭാഗങ്ങളിൽ നിന്നും പലിശ രഹിത പരസ്പര സഹായ സംഘത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് ആവശ്യങ്ങൾ ഉണ്ടെങ്കിലും രൂപീകരിച്ച സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയാകാം തുടർ പ്രർത്തനങ്ങളെന്നാണ് കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളത്. വി.പി. തുരുത്തിലെയും ലോകമലേശ്വരത്തെയും സംഘങ്ങളുടെ രൂപീകരണത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും ഈ മദ്രസ്സകളിലെയും സദർ മുഅല്ലിമുകൾ നേതൃത്വപരമായ ചുമതല വഹിക്കുന്നതിലും കമ്മറ്റിക്ക് സന്തോഷമുണ്ട്. ഉത്തമമായ ലക്ഷ്യത്തോടെയുള്ള ഈ സംരംഭത്തിന് മഹല്ല് സഹായം നൽകേണ്ടതാണെന്നും കമ്മിറ്റി വിശ്വസിക്കുന്നു.

***നജ്മൽ ബാബുവിനൊപ്പം***

കൊടുങ്ങല്ലൂരിലെ സാമൂഹ്യപ്രവർത്തകനും, വർഗ്ഗീയ-ഫാഷിസ്റ്റ് വിരുദ്ധ സമരങ്ങളുടെ നേതൃത്വത്തിലുണ്ടായിരുന്ന ദളിത് ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന് അക്ഷീണം പ്രയത്നിച്ച ടി.എൻ. ജോയ് എന്ന നജ്മൽ ബാബുവിന്റെ ഖബ്റടക്കവുമായി ബന്ധപ്പെട്ട അസ്വസ്ഥതകളും ഈ റിപ്പോർട്ട് വർഷത്തിൽ ഉണ്ടായിരുന്നതാണ്. നജ്മൽ ബാബുവിന്റെ ഖബ്റടക്കം ചേരമാൻ മസ്ജിദിൽ നടത്തണമെന്ന അദ്ദേഹത്തിന്റെ രേഖാമൂലമുള്ള ആവശ്യം 2016 ൽ കൂടിയ പൊതുയോഗം ചർച്ച ചെയ്തിരുന്നതാണ്. അദ്ദേഹത്തിന്റെ ഒസിയത്ത് പ്രകാരം ഖബ്റടക്കം ചേരമാൻ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടത്തുന്നതിന് മഹല്ല് കമ്മിറ്റിയുടെ താല്പര്യം രേഖാമൂലം ബന്ധപ്പെട്ടവരാൽ അറിയിച്ചിരുന്നുവെങ്കിലും നജ്മൽ ബാബുവിന്റെ ആഗ്രഹം പൂർത്തീകരിക്കാൻ കുടുംബാംഗങ്ങൾ അനുവദിച്ചില്ലെന്ന ഖേദകരമായ ഒരു സാഹചര്യമാണുണ്ടായത്. രാജ്യത്തെ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരും, ജനാധിപത്യ വിശ്വാസികളും ഇക്കാര്യത്തിൽ മഹല്ല് കമ്മറ്റിക്കൊപ്പം ഉണ്ടായിരുന്നത് സ്മരണീയമാണ്. സമൂഹത്തിൽ അന്തഛിദ്രകൾ ഇക്കാരണത്താൽ ഉണ്ടാകാൻ പാടില്ലെന്ന കമ്മിറ്റിയുടെ സുചിന്തതമായ തീരുമാനം പ്രതിസന്ധികൾ ഒഴിവാക്കിയെങ്കിലും ടി.എൻ.ജോയിയുടെ വസിയത്ത് സാക്ഷാത്ക്കരിക്കാൻ കഴിയാത്തതിലുള്ള വേദനയും നമുക്കുണ്ട്.

***ഇ-ടോയ്‌ലറ്റ്***

മസ്ജിദ് പ്ലാസ കെട്ടിടം സ്ഥിതി ചെയ്യുന്ന തെക്കേ കോമ്പൗണ്ടിൽ കൊടുങ്ങല്ലൂർ നഗരസഭ 7.5 ലക്ഷം രൂപ മുതൽ മുടക്കി ഒരു ഇ-ടോയ്‌ലറ്റ്, റിപ്പോർട്ട് വർഷത്തിൽ സ്ഥാപിച്ചിട്ടുണ്ട്. മസ്ജിദ് സന്ദർശനത്തിന് വരുന്നവർക്കും യാത്രക്കാർക്കും ഏറെ ഉപകാരപ്രദമാണ് ആധുനിക സംവിധാനത്തിലൂടെ ഇ-ടോയ്‌ലറ്റ്. സാധാരണ ഗതിയിൽ രാത്രി പള്ളിയുടെ ഗെയ്റ്റ് അടച്ചതിന് ശേഷം വരുന്ന യാത്രക്കാർക്ക് പ്രത്യേകിച്ച് ദീർഘദൂര യാത്രക്കാർക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യങ്ങളില്ലെന്ന പരാതിക്ക് ഇതൊരു പരിഹാരമായി. നിർമ്മാണത്തിലെ വൈവിധ്യം കൊണ്ടും ആധുനികത കൊണ്ടും ഇ-ടോയ്‌ലറ്റ് വ്യത്യസ്തത പുലർത്തുന്നു. സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ടിട്ടുള്ള ഇ-ടോയ്‌ലറ്റ് നമ്മുടെ പള്ളിയുടെ പ്രാധാന്യം കണക്കിലെടുത്ത് അനുവദിച്ച് തന്നതിൽ നഗരസഭ ചെയർമാനും വികസന കാര്യ ചെയർമാനുമുള്ള നന്ദിയും മഹല്ല് രേഖപ്പെടുത്തുന്നു.

***മഹല്ല് ഭരണക്രമം മാതൃകയായി...***

നമ്മുടെ പള്ളിയുടെ ചരിത്രവും അതിന്റെ പ്രവർത്തന രീതികളും പലഘട്ടങ്ങളിൽ പലയിടത്തും ചർച്ചയായിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട 20 മഹല്ലുകൾക്ക് ചേരമാൻ ജുമാ മസ്ജിദിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ച് കൊടുക്കുന്നതിനും സംശയനിവാരണം നടത്തുന്നതിനും മഞ്ചേരിയിൽ സംഘടിപ്പിച്ച ഏകദിന ക്യാമ്പ് ഇതിനൊരുദാഹരണമായിരുന്നു. പള്ളി പരിപാലനം മാത്രമല്ല സാമൂഹ്യ-സാംസ്കാരിക പ്രവർത്തനങ്ങളിലേക്കും സമുദായത്തിനും, സാമൂഹ്യ ഉന്നമനത്തിനും മഹല്ല് കമ്മിറ്റികൾ ശ്രമിക്കണമെന്ന നമ്മുടെ ബാലപാഠങ്ങൾ മറ്റ് മഹല്ലുകൾക്ക് പകർന്ന് നൽകാൻ ലഭിച്ച ഒരു അവസരമായിരുന്നു മഞ്ചേരിയിൽ സംഘടിപ്പിച്ച ശിൽപ്പശാല. നമ്മുടെ ഭരണ സംവിധാനം പഠിക്കാനും പകർത്താനും പല മഹല്ലുകൾ മസ്ജിദ് സന്ദർശിക്കുന്നത് ഇപ്പോൾ സാധാരണമാണെന്ന് അംഗങ്ങളെ അറിയിക്കുന്നു. ഇത് സമൂഹത്തിൽ നമുക്ക് ലഭിച്ച അംഗീകാരമാണ്.

***ഐക്യകേരളം ദിനാചരണം***

ഈ വർഷം കേരളപ്പിറവിദിനം മികച്ച രീതിയിലാണ് നാം ആഘോഷിച്ചത്. കേരളത്തിന്റെ മാതൃക, പള്ളിയുടെ മുറ്റത്ത് വരച്ച് അതിൽ മദ്രസ്സ വിദ്യാർത്ഥികൾ അണിനിരന്ന് ഐക്യ കേരള പ്രതിജ്ഞയെടുത്തത് മഹല്ലിന് വ്യത്യസ്തമായ അനുഭവമായിരുന്നു. കൊടുങ്ങല്ലൂരിലെ ശില്പ്പിയും ചിത്രകാരനും നടനുമായ ഡാവിഞ്ചി സുരേഷാണ് ഐക്യ കേരള പ്രതിഞ്ജ ചൊല്ലി കൊടുത്തത്. സാമൂഹ്യ മാധ്യമങ്ങൾ ഏറെ പങ്കുവെച്ച നമ്മുടെ കേരളപിറവിദിനാഘോഷം വ്യത്യസ്തത നിറഞ്ഞത് തന്നെയായിരുന്നതും സാമൂഹ്യരംഗത്ത് ഈ മഹല്ലിന്റെ സ്ഥാനം ഉറപ്പിച്ച് നിർത്തുന്നതുമായിരുന്നു.

പ്രിയരെ,

പ്രവൃത്തി വൈവിധ്യങ്ങൾ കൊണ്ടും ഇടപെടലുകൾ കൊണ്ടും ശ്രദ്ദേയമായ ഒരു റിപ്പോർട്ട് വർഷമാണ് കടന്ന് പോയത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഐക്യകണ്ഠേന തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റിയാണ്. പ്രവർത്തനങ്ങളിൽ ഉടനീളം സർവ്വശക്തന്റെ പ്രീതി മാത്രമായിരുന്നു ഞങ്ങൾ കാംക്ഷിച്ചത്. നടത്തുന്നതും നിലനിർത്തുന്നതും നാഥന്റെ അപാരമായ ഔദാര്യമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. 'അദ്ദേഹം (മൂസ) പറഞ്ഞു, ഒരിക്കലുമില്ല, തീർച്ചയായും എന്നോടൊപ്പം എന്റെ നാഥനുണ്ട്, അവൻ എനിക്ക് വഴികാണിച്ച് തരും.' (വിശുദ്ധ ഖുർആൻ, സൂറ : ആശുറാഅ് - 62). മഹല്ല് കമ്മിറ്റി അംഗങ്ങളുടെ

പ്രവർത്തനങ്ങളും കമ്മറ്റിയുടെ ആസൂത്രണങ്ങളും ഈ വിശുദ്ധ ഗേഹത്തിന് വേണ്ടിയാണെന്നത് ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഊർജ്ജം പകരുന്നതാണ്. മഹല്ല് അംഗങ്ങളെ സമവായത്തോടെ, സഹവർത്തിത്തോടെ, സമാധാനത്തോടെ നയിക്കാനും നേതൃത്വം നൽകാനും ഞങ്ങൾക്കായത് സത്യസന്ധമായ സമർപ്പണത്തിന്റെ സമ്മാനമാണെന്നത് ഞങ്ങളെ വിനയാന്വിതരാക്കുന്നു. ഇന്ത്യയിലെ മുഴുവൻ മുസ്ലിംകളുടെയും എന്നെന്നേക്കുമുള്ള അടയാളമായി കാലം നിലനിർത്തിയ ഈ പള്ളി മഹല്ലിന്റെ അംഗങ്ങളായതിലുള്ള അഭിമാനവും ആഹ്ലാദവും നമ്മുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നതാണ്. തീർച്ചയായും റിപ്പോർട്ടിന്റെ ആമുഖത്തിൽ പറഞ്ഞത് പോലെ തികച്ചും സഹിഷ്ണുതയുള്ള ഒരു വിഭാഗമാകാൻ നമുക്കായത് ചരിത്രം നമ്മിൽ അർപ്പിച്ച ഉത്തരവാദിത്വമാകുന്നു.

വരാൻ പോകുന്ന വർഷങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം അതി പ്രധാനമായ വർഷങ്ങളാണ്. നമ്മുടെ സഹോദര സമുദായങ്ങളെ ചേർത്ത് നിർത്തേണ്ടതും ഫാസിസ്റ്റുകളിൽ നിന്നും നമുക്കു നേരെ ഉയരുന്ന ഭീഷണികൾക്ക് തടയായ ഒരു പൊതു സമൂഹത്തെ ഉയർത്തികൊണ്ടുവരേണ്ടതും നമ്മുടെ പ്രവർത്തനങ്ങളിലൂടെ നാം നേടിയെടുക്കേണ്ടതാണ്. “ശത്രുവിനെ പോലും സുഹൃത്താക്കി മാറ്റാനുള്ള ശക്തി സ്നേഹത്തിന് മാത്രമേയുള്ളു” എന്ന മാർട്ടിൻ ലൂഥർകിംഗിന്റെ ദീർഘ വീക്ഷണം ഒരു ബഹുമുഖ സംസ്കാരത്തിൽ ന്യൂനപക്ഷമായ ഇന്ത്യൻ മുസൽമാന് ഉചിതമായ ഉപദേശമായിരിക്കും.

നാഥന്റെ അനുഗ്രഹത്താൽ നമ്മുടെ പള്ളിയുടെ നഷ്ടപ്പെട്ട ഭാഗങ്ങളുടെ പുനർനിർമ്മാണവും ഭൂമിക്കടിയിലുള്ള പുതിയ പള്ളിയുടെയും നിർമ്മാണവും ആരംഭിക്കുകയാണ്. ബലി പെരുന്നാളിന് ശേഷം ഏറ്റവും അടുത്ത തിയ്യതിയിൽ നിർമ്മാണം ആരംഭിക്കണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ചുരുങ്ങിയത് അടുത്ത രണ്ട് വർഷക്കാലം കുറേ അസൗകര്യങ്ങൾ നമ്മൾ അഭിമുഖീകരിക്കേണ്ടിവരും. പഴയ പള്ളിയുടെ നിർമ്മാണം പൂർത്തിയാകുന്നതുവരെ വടക്കേപ്പറമ്പിൽ വഖ്ത്തുകൾ നമസ്ക്കരിക്കുന്നതിനായി ചുരുങ്ങിയത് 300 പേർക്ക് നമസ്ക്കരിക്കാവുന്ന ഒരു ചെറിയ ഷെഡ് നിർമ്മിക്കാനും ജുമാ, പെരുന്നാൾ നമസ്ക്കാരം എന്നിവക്കായി ഓർഫനേജ് ഹാൾ ഉപയോഗിക്കാനുമാണ് തീരുമാനിച്ചിട്ടുള്ളത്. ബഹു. ഓർഫനേജ് കമ്മറ്റി അതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഹാൾ ലഭിക്കുന്നതിനാൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള ചെലവുകൾ മാത്രമേ നമുക്കാകുന്നുള്ളു. ഇൻശാ അല്ലാഹ് നമുക്ക് ദുആ ചെയ്യാം ഏറ്റവും വേഗത്തിൽ നമ്മുടെ പള്ളിയുടെ പുനർനിർമ്മാണം നടക്കുന്നതിന് (ആമീൻ)

ചേരമാൻ പെരുമാൾ ഇസ്ലാമിക പൈതൃക മ്യൂസിയത്തിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തിയായിട്ടുള്ളതിനാൽ ഇൻശാ അല്ലാഹ് അടുത്ത പ്രവർത്തി വർഷത്തിൽ നമുക്ക് മ്യൂസിയം രാജ്യത്തിന് സമർപ്പിക്കാനാകുമെന്ന് കരുതുന്നു. പ്രസാദം, സ്വദേശിദർശൻ തുടങ്ങിയ പദ്ധതികൾക്ക് തുടക്കമിടാനും അടുത്ത വർഷം കഴിയുമെന്ന് പ്രത്യാശിക്കുന്നു.

കഴിഞ്ഞ 22 വർഷമായി ഞങ്ങളോടൊപ്പം ഈ മഹല്ല് പരിപാലനത്തിൽ ചേർന്ന് നിന്ന, പള്ളിയുടെ നന്മക്ക് വേണ്ടിയുള്ള ചർച്ചകളിൽ പങ്കാളികളായ തീരുമാനങ്ങളുടെ നടത്തിപ്പുകാരായ, ഞങ്ങൾക്ക് മുമ്പേ നടന്ന മഹല്ല് കമ്മിറ്റിയുടെ ട്രഷറർ എ.കെ.കെ. നയനയുടെയും, വൈസ് പ്രസിഡന്റായിരുന്ന യു.എ. സെയ്തുമുഹമ്മദിന്റെയും മരണങ്ങൾക്ക് കൂടി ഈ റിപ്പോർട്ട് വർഷം സാക്ഷിയായി. നിസ്വാർത്ഥ സേവനവും, നിഷ്കളങ്ക മനസ്സുമായി മഹല്ല് കമ്മിറ്റിയുടെ ജനകീയ മുഖങ്ങളായിരുന്നു ഇരുവരും. മഹല്ലിന്റെ വളർച്ചക്കൊപ്പം നിന്ന മഹല്ലിന്റെ പുരോഗതി സ്വപ്നം കണ്ട ഇവരുടെ പ്രവർത്തനങ്ങൾ അല്ലാഹു സ്വീകരിക്കട്ടെയെന്നും സ്വർഗ്ഗത്തിൽ ഇടം ലഭിക്കട്ടെയെന്നും ദുആ ചെയ്യുന്നു.

പതിറ്റാണ്ടുകളായുള്ള ഞങ്ങളുടെ പ്രവർത്തനം ഈ മഹല്ലിന് സ്ഥായിയായ പുരോഗതിയോ ഔന്നിത്യമോ ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വിലയിരുത്താൻ സർവ്വശക്തനെ ഭരമേൽപ്പിക്കുന്നു. പാകപ്പിഴവുകൾ പൊറുക്കുന്നവനും, പശ്ചാത്താപം സ്വീകരിക്കുന്നവനും അവനല്ലോ. റിപ്പോർട്ട് വർഷത്തിൽ ഞങ്ങളോട് സഹകരിച്ച മഹല്ല് അംഗങ്ങൾക്കും, ജീവനക്കാർക്കും, പണ്ഡിതന്മാർക്കും, അഡ്വൈസറി കമ്മിറ്റി അംഗങ്ങൾക്കും, മഹല്ല് ആഡിറ്റർമാരായ സി.എ. മുഹമ്മദ് റഷീദ്, ടി.കെ. അബ്ദുൾകരീം, മഹല്ല് വരണാധികാരി സി.വൈ. സലീം, സഹവരണാധികാരി നവാസ് പടുവിങ്ങൽ എന്നിവരോടും മഹല്ല് കമ്മിറ്റിയുടെ നന്ദി രേഖപ്പെടുത്തുന്നു.

നാഥന്റെ ഈ പുണ്യഗേഹം ഇന്ത്യൻ മുസ്ലിംങ്ങളുടെ നേതൃത്വത്തിലേക്കുയർത്തണമെന്ന നമ്മുടെ കണ്ണിലെ സ്വപ്നവും ഹൃദയത്തിലെ പ്രാർത്ഥനയും സഫലീകരിക്കപ്പെടട്ടെ എന്ന ദുആയോടെ.... ഈ പ്രവർത്തന റിപ്പോർട്ട് അംഗങ്ങളുടെ സജീവ ചർച്ചക്കും ജീവസുറ്റ നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

**മഹല്ല് കമ്മിറ്റിക്ക് വേണ്ടി,**
**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മിറ്റി

## ചേരമാൻ ജുമാ മസ്ജിദ് 2018 – 2019 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

| നമ്പർ | ഇനം | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| 1 | നോമ്പ് | 4,75,000.00 | 4,82,689.00 | 7,689.00 |
| 2 | മദ്രസ്സകൾ | 12,00,000.00 | 12,43,735.00 | 43,735.00 |
| 3 | ഇലക്ട്രിസിറ്റി | 2,50,000.00 | 2,61,802.00 | 11,802.00 |
| 4 | യാത്ര | 30,000.00 | 31,450.00 | 1,450.00 |
| 5 | മദ്രസ്സ ഗ്രാന്റ് | 3,30,000.00 | 4,26,000.00 | 96,000.00 |
| 6 | പുരപണിസഹായം | 7,00,000.00 | 7,48,000.00 | 48,000.00 |
| 7 | പൊതുയോഗം | 60,000.00 | 65,595.00 | 5,595.00 |
| 8 | കേരള വഖ്ഫ് ബോർഡ് | 1,50,000.00 | 1,74,837.00 | 24,837.00 |
| 9 | പത്രം | 1,500.00 | 6,564.00 | 4,764.00 |
| 10 | ആംബുലൻസ് | 15,000.00 | 34,940.00 | 19,940.00 |
| 11 | ടെലഫോൺ | 20,000.00 | 20,803.00 | 803.00 |
| 12 | യാത്ര | 30,000.00 | 31,450.00 | 1,450.00 |
| 13 | മദ്രസ്സ ട്യൂഷൻ | 4,00,000.00 | 4,24,010.00 | 24,010.00 |
| | | | ആകെ | **2,90,375.00** |

# മഹല്ല് മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട്

പ്രിയരെ, അസ്സലാമുഅലൈക്കും

പൊതുയോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ 01-06-2014 ൽ കൂടിയ മഹല്ല് പൊതുയോഗം റിട്ടേണിംഗ് ഓഫീസർ അദ്ധ്യക്ഷനായും, അസി. റിട്ടേണിംഗ് ഓഫീസർ രണ്ട് ഓഡിറ്റർമാർ മഹല്ല് പ്രസിഡന്റ് എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് സമിതിയെ നിയമിച്ചിട്ടുണ്ട്. 05.05.2019 ൽ കൂടിയ മോണിറ്ററിംഗ് കമ്മിറ്റി യോഗം 10.06.2018ൽ കൂടിയ മഹല്ല് പൊതുയോഗത്തിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ പൊതുയോഗത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നു.

1. 6/10-06-18 തീരുമാനപ്രകാരം കെട്ടിട വാടക കുടിശ്ശിക ഇല്ലാതെ പിരിച്ചെടുക്കാൻ പൊതുയോഗം കമ്മിറ്റിക്ക് നൽകിയ നിർദ്ദേശം പാലിച്ചിട്ടില്ല. വാടകയിനത്തിൽ വൻതുക കുടിശ്ശിക വരുത്തിയതായി കാണുന്നു.
2. 8/10-06-18 തീരുമാനപ്രകാരം അഞ്ചപ്പാലം മസ്ജിദ് മദ്രസ്സ പുനർനിർമ്മാണത്തിന് തീരുമാനമെടുത്തെങ്കിലും തുടർപ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല.
3. 17/10-06-18 തീരുമാനപ്രകാരം മസ്ജിദ് പ്ലാസ കെട്ടിടത്തിന് മുകളിൽ ലോഡ്ജിംഗ് സൗകര്യമേർപ്പെടുത്താൻ തീരുമാനമെടുത്തെങ്കിലും തുടർനടപടികൾ ഉണ്ടായിട്ടില്ല.

വാടക കുടിശ്ശിക പിരിച്ചെടുക്കാൻ കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിച്ചതായും ഓഡിറ്റ് കാലാവധിക്ക് ശേഷം വളരെയധികം സംഖ്യ പിരിച്ചെടുത്തതായും മഹല്ല് കമ്മിറ്റിയുടെ കുടിശ്ശിക നിവാരണ പദ്ധതിയുമായി സഹകരിക്കാതിരുന്ന വാടകക്കാരിൽ നിന്ന് കുടിശ്ശിക പിരിച്ചെടുക്കാനോ മുറി ഒഴിപ്പിച്ചെടുക്കുന്നതിനോ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, അഞ്ചപ്പാലം മസ്ജിദ് നിർമ്മാണത്തിന് പുതിയ സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡു സംഖ്യ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും മോണിറ്ററി കമ്മിറ്റി അംഗം കൂടിയായ മഹല്ല് പ്രസിഡന്റ് ഡോ. പി.എ. മുഹമ്മദ് സഈദ് സമിതിയിൽ വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പ്രൊജക്ടിന്റെ വ്യക്തമായ ധാരണ ലഭിച്ച ശേഷം ലോഡ്ജിംഗ് സൗകര്യങ്ങൾ സംബന്ധിച്ച തീരുമാനം നടപ്പിലാക്കുമെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

മഹല്ല് മോണിറ്ററിംഗ് കമ്മറ്റിയ്ക്കുവേണ്ടി

05.05.2019 **സി.വൈ. സലീം (ചെയർമാൻ)**

## ചേരമാൻ ജുമാ മസ്ജിദ് മഹല്ല് കമ്മറ്റിയുടെ
## 01-04-2018 മുതൽ 31-03-2019 വരെയുള്ള കാലയളവിലെ

# ഓഡിറ്റ് റിപ്പോർട്ട്

ചേരമാൻ ജുമാമസ്ജിദ് മഹല്ല് ഭരണസമിതിയുടെ ഒരു വർഷത്തെ വരവ് ചെലവ് കണക്കുകളും താഴെ പറയുന്ന രേഖകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി.

1. രശീതി ബുക്ക്, 2.വൗച്ചർ, 3. പേരേട്, 4. നാൾവഴി, 5. മഖ്ബറ കൂപ്പൺ, സ്റ്റോക്ക് രജിസ്റ്റർ
6. വിവാഹ സഹായനിധി, രശീതി, നാൾവഴി, വൗച്ചർ, 7. ബാങ്ക് പാസ്ബുക്ക്,
8. മിനിറ്റ്സ് ബുക്ക്, 9. ലോൺ രജിസ്റ്റർ, 10. വാടക രജിസ്റ്റർ, 11. ഗോൾഡ് രജിസ്റ്റർ
12. അക്വിറ്റൻസ് രജിസ്റ്റർ, 13. അറ്റന്റൻസ് രജിസ്റ്റർ, 14. രശീതി രജിസ്റ്റർ
15. സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത് എന്നിവയുടെ വൗച്ചർ, രശീതി, നാൾവഴി

മേൽരേഖകളെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ്, സക്കാത്ത്, ഫിത്വർ സക്കാത്ത്, വുളുഹിയത്ത്, സമൂഹവിവാഹം എന്നിവയുടെ വരവ്-ചെലവ് സ്റ്റേറ്റ്മെന്റും ഇതോടൊപ്പം ചേർക്കുന്നു. പരിശോധിച്ച കണക്കുകളിൽ കാര്യമായ അപാകതകൾ ഇല്ല എന്നു പറയുന്നതിൽ സന്തോഷമുണ്ട്. ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. സർക്കാർ ഫണ്ടിനെ ആശ്രയിച്ച് നടത്തിയിരുന്ന സ്കൂൾ ട്യൂഷൻ ഇപ്പോൾ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രത്യേക ഫണ്ട് കണ്ടെത്തി തുടർന്ന് നടത്തേണ്ടതാണ്. 4,24,010 രൂപ ഈ റിപ്പോർട്ട് വർഷത്തിൽ ചെലവ് ചെയ്തിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ഗ്രാന്റുകൾക്ക് ആകെ ചെലവ് ചെയ്തത് 2,84,525 രൂപയാണ്. രണ്ടും കൂടി ഉൾപ്പെടുമ്പോൾ 7,08,535 രൂപ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് വേണ്ടി ചെലവിട്ടിട്ടുണ്ട്. ഇത് മഹല്ലിന്റെ മൊത്തം വരവിന്റെ 4.2% മാണ്. 5-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള സ്കൂൾ ട്യൂഷന് പ്രത്യേക ഫണ്ട് കണ്ടെത്തേണ്ടതാണ്.
2. വിവാഹധനസഹായം 10,000 രൂപ പ്രകാരമാണ് നൽകിയിട്ടുള്ളത്. എന്നാൽ ഒരു അപേക്ഷകന് മാത്രം 25,000 രൂപ നൽകിയത് കാണുന്നു. വിശദീകരണം ആവശ്യമാണ്.
3. വി.പി. തുരുത്ത് മദ്രസ്സയിൽ വാടകയ്ക്ക് നൽകുന്നതിന് 31,000 രൂപ ചെലവ് ചെയ്ത് 100 കസേരകൾ വാങ്ങിയതായി കാണുന്നു. എന്നാൽ ഇതിൽ നിന്നും വരവൊന്നും ചേർത്തതായി കാണുന്നില്ല.
4. ദുരിതാശ്വാസ ചെലവുകൾ മഹല്ല് ബഡ്ജറ്റിൽ ഉൾപ്പെടുത്താതെയാണ് നടത്തിയിട്ടുള്ളത്.

1. ഓഡിറ്റ് പരാമർശം പല പൊതുയോഗങ്ങളും ചർച്ച ചെയ്തിട്ടുള്ളതും, മഹല്ലിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധയും പ്രോത്സാഹനവും നൽകണമെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്. സർക്കാർ ഫണ്ട് ലഭിച്ചില്ലെങ്കിലും മഹല്ലിലെ സാധാരണക്കാരായ കുട്ടികളുടെ പഠനത്തിൽ സഹായിക്കണമെന്ന് മഹല്ലിന്റെ പ്രഖ്യാപിത നയം നടപ്പിലാക്കുക മാത്രമാണ് കമ്മിറ്റിയുടെ ലക്ഷ്യം. നമ്മുടെ മഹല്ലിലെ പാവപ്പെട്ട കുട്ടികൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നതിൽ കമ്മിറ്റിക്ക് സന്തോഷമുണ്ട്.
2. 32 വയസ്സ് കഴിഞ്ഞ നിർദ്ദനയായ പെൺകുട്ടിയുടെ വിവാഹത്തിനാണ് പ്രത്യേക പരിഗണന നൽകി ഈ സഹായം നൽകിയിട്ടുള്ളത്. ഈ സംഖ്യ സമൂഹ വിവാഹ ഫണ്ടിൽ നിന്ന് മഹല്ല് ഫണ്ടിലേക്ക് വരവ് ചേർക്കുന്നതാണ്.
3. ഈ ഇനത്തിൽ നിന്നും ഭാവിയിൽ വരവ് പ്രതീക്ഷിക്കുന്നുണ്ട്.
4. പ്രളയം മുതലായ പ്രകൃതി ദുരന്തങ്ങൾ പ്രതീക്ഷിക്കാതിരുന്നതിനാലാണ് മുൻകൂട്ടി ചിലവ്

ബഡ്ജറ്റിൽ പ്രതിപാദിക്കാത്ത ചെലവുകൾ വരുമ്പോൾ പ്രത്യേക പൊതുയോഗം വിളിച്ച് അനുമതി വാങ്ങേണ്ടതാണ്.

5. ക്ഷേമ പ്രവർത്തനങ്ങൾക്ക് ലക്ഷക്കണക്കിന് രൂപ മഹല്ല് ഫണ്ടിൽ നിന്ന് കാലങ്ങളായി ചെലവ് ചെയ്യുന്നു. ക്ഷേമപ്രവർത്തനങ്ങൾക്ക് തനത് ഫണ്ട് കണ്ടെത്തുകയും പള്ളി ഫണ്ട് ഉപയോഗിക്കുന്നത് ഉപേക്ഷിക്കേണ്ടതുമാണ്.
6. ഓൺലൈൻ നിക്ഷേപങ്ങൾ അതാത് സമയങ്ങളിൽ നാൾവഴിയിൽ ചേർത്ത് കാണുന്നില്ല.
7. ഓഫീസിൽ ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
8. മഹല്ല് വക കെട്ടിടങ്ങളുടെ വാടക ഇനത്തിൽ ഭീമമായ സംഖ്യ പിരിഞ്ഞു കിട്ടാനുണ്ട്. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.
9. മഹല്ല് അംഗങ്ങളിൽ നിന്നും ഭീമമായ സംഖ്യ വരിസംഖ്യ, മരണാനന്തര സഹായം ഇനങ്ങളിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഈ സംഖ്യകൾ മഹല്ലിലേക്ക് പിരിച്ചെടുക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബഡ്ജറ്റിൽ ഉൾപ്പെടുത്താതിരുന്നത്. മുൻകാലങ്ങളിൽ ഇതിന്റെ ആവശ്യകത ഉണ്ടായിട്ടുമില്ല. അപ്രതീക്ഷിതമായി വന്ന പ്രളയദുരന്തത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താനുള്ള അടിയന്തിര സാമൂഹ്യബാധ്യതയാണ് നാമേറ്റെടുത്തത്. മഹല്ലിന്റെ തനത് ഫണ്ടിൽ നിന്നല്ല ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പണമെടുത്തിട്ടുള്ളതെന്നും ശ്രദ്ധയിൽപെടുത്തുന്നു.

5. കാലങ്ങളായി മഹല്ല് പൊതുയോഗം ഇത്തരം ചെലവുകൾ ചർച്ച ചെയ്ത് അംഗീകരിച്ച് വരുന്നതാണ്. ഓരോ വർഷത്തേക്കും ഈ ഇനത്തിലുള്ള ചെലവുകൾ വകയിരുത്തിയുള്ള ബഡ്ജറ്റും നമ്മൾ അംഗീകരിച്ചിട്ടുള്ളതുമാണ്.
6. അതാത് സമയങ്ങളിൽ തന്നെ വരവ് ചേർക്കുന്നതിന് മേലിൽ ശ്രദ്ധിക്കുന്നതാണ്.
7. പുതിയ സാമ്പത്തിക വർഷത്തിൽ ചെക്ക് രജിസ്റ്റർ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്.
8. രാജ്യത്തെ ആകെ ബാധിച്ചിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നമ്മുടെ വാടകക്കാരെയും ബാധിച്ചിട്ടുള്ളതാണ്. കൂടാതെ പ്രതീക്ഷിച്ച വ്യാപാരവും ഇവർക്കായിട്ടില്ലെന്ന് മനസ്സിലാക്കുന്നു. എങ്കിലും മഹല്ലിന് ലഭിക്കാനുള്ള വാടക ഈടാക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഓഡിറ്റ് കാലാവധിക്ക് ശേഷം ഈ ഇനത്തിൽ കൂടുതൽ സംഖ്യ വന്നിട്ടുള്ളതുമാണ്. മഹല്ലുമായി സഹകരിക്കാത്ത വാടകക്കാർക്ക് എതിരെ മഹല്ല് കമ്മിറ്റി നിയമ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.
9. മഹല്ലിന്റെ വിവര ശേഖരണം ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. ലഭ്യമായ വിവരങ്ങളനുസരിച്ച് അംഗങ്ങളിൽ നിന്ന് കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഓരോ പ്രദേശത്തേയും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് മഹല്ല് കമ്മിറ്റി അംഗങ്ങളെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

ഓഡിറ്റേഴ്സ്

**അബ്ദുൽ കരീം ടി.കെ.** (ഒപ്പ്)

**സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ബാങ്ക് ആദായത്തിൽ നിന്ന് ചെക്ക് കമ്മീഷൻ പോലുള്ള ബാങ്ക് ചെലവുകൾ കിഴിച്ചുള്ള സംഖ്യ ആദായമായി വരവ് ചേർക്കാവുന്നതാണ്. ചെക്ക് കമ്മീഷനെന്ന അക്കൗണ്ട് ഹെഡ് ഒഴിവാക്കാനും ഒന്നിലധികം വരവ്-ചെലവ് ചേർക്കൽ ഒഴിവാക്കാനും ഇതുകൊണ്ടാവും.
2. ബഡ്ജറ്റിൽ വകയിരുത്താത്തതും എന്നാൽ ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ ചെലവഴിക്കപ്പെടേണ്ട സംഖ്യക്ക് അടിയന്തിര പൊതുയോഗം വിളിച്ചുകൂട്ടി സപ്ലിമെന്ററി ബഡ്ജറ്റ് പാസ്സാക്കേണ്ടതാണ്. ഇത്തരം സംഖ്യകളുടെ സപ്ലിമെന്ററി ബഡ്ജറ്റ് പാസ്സാക്കുന്നത് വാർഷിക പൊതുയോഗങ്ങളിലേക്ക് മാറ്റി വെക്കുന്നത് ഒഴിവാക്കാവുന്നതാണ്.
3. ബഡ്ജറ്റ് അടങ്കൽ തുകയിൽ നിന്നും 20% ചെലവ് അധികരിച്ചാൽ അടിയന്തിര പൊതുയോഗം വിളിച്ചു ചേർത്ത് സപ്ലിമെന്ററി ബഡ്ജറ്റ് പാസ്സാക്കേണ്ടതാണ്.
4. പ്രളയവുമായി ബന്ധപ്പെട്ട് മഹല്ല് സ്ഥാപനങ്ങൾക്ക് സംഭവിച്ച നഷ്ടം വഖ്ഫ് ബോർഡിനെ ബോധ്യപ്പെടുത്തി ഈടാക്കിയതിന് കമ്മിറ്റിയെ അഭിനന്ദിക്കുന്നു.

ഓഡിറ്റേഴ്സ്

**അബ്ദുൽ കരീം ടി.കെ.**
**സി.എ. അബ്ദുൾ റഷീദ്**

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2018-2019

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| 1. | സംഭാവന | 32,90,311.00 | 1. | നികുതി | 1,78,382.00 |
| 2. | ലേലം | 1,77,840.00 | 2. | വിദ്യാഭ്യാസ സഹായം | 2,84,525.00 |
| 3. | ഭണ്ഡാരം | 34,61,975.00 | 3. | വഖ്ഫ് ബോർഡ് | 1,74,837.00 |
| 4. | മഖ്ബറ | 33,93,213.00 | 4. | ചെക്ക് കമ്മീഷൻ | 409.00 |
| 5. | വരിസംഖ്യ | 3,41,505.00 | 5. | മസ്ജിദ് പേരിൽ | 10,79,064.00 |
| 6. | വിവാഹഫോറം | 640.00 | 6. | ഇലക്ട്രിസിറ്റി | 2,61,802.00 |
| 7. | വിവാഹഫീസ് | 32,000.00 | 7. | വിവാഹ സഹായം | 95,000.00 |
| 8. | മെമ്പർഷിപ്പ് ഫീസ് | 800.00 | 8. | മദ്രസ്സകൾക്ക് നൽകിയ ഗ്രാന്റ് | 4,26,000.00 |
| 9. | സർട്ടിഫിക്കറ്റ് ഫീസ് | 1,350.00 | 9. | ശമ്പളം | 55,51,280.00 |
| 10. | വാടക | 28,85,040.00 | 10. | കെട്ടിടം അറ്റകുറ്റപണികൾ | 26,005.00 |
| 11. | വെളിച്ചെണ്ണ വിറ്റുവരവ് | 1,94,247.00 | 11. | റംസാൻ അലവൻസ് | 4,70,275.00 |
| 12. | മരണാനന്തര സഹായ ഫണ്ട് | 3,69,015.00 | 12. | പറമ്പ് പേരിൽ | 4,650.00 |
| 13. | പൊതുതാൽപര്യഫണ്ട് | 24,982.00 | 13. | മരണാനന്തര സഹായഫണ്ട് | 3,29,545.00 |
| 14. | ക്യാഷൻ ഡെപ്പോസിറ്റ് | 3,65,000.00 | 14. | മഹല്ല് അംഗങ്ങളല്ലാത്തവർക്കുള്ള സഹായം | 28,500.00 |
| 15. | ചരിത്ര പുസ്തകം വിൽപ്പന | 18,120.00 | 15. | ക്യാഷൻ ഡെപ്പോസിറ്റ് റീഫണ്ട് | 6,06,000.00 |
| 16. | റാത്തീബ് | 12,453.00 | 16. | പൊതുയോഗം | 65,595.00 |
| 17. | കോട്ടപ്പുറം മദ്രസ്സ | 14,670.00 | 17. | റാത്തീബ് | 22,387.00 |
| 18. | അഞ്ചപ്പാലം മദ്രസ്സ | 4,165.00 | 18. | കോട്ടപ്പുറം മസ്ജിദ് & മദ്രസ്സ | 1,15,196.00 |
| 19. | വി.പി. തുരുത്ത് മദ്രസ്സ | 12,645.00 | 19. | അഞ്ചപ്പാലം മദ്രസ്സ | 6,73,691.00 |
| 20. | ലോൺ തിരിച്ചടവ് | 2,69,000.00 | 20. | വി.പി. തുരുത്ത് മദ്രസ്സ | 1,02,240.00 |
| 21. | നോമ്പ്തുറക്കൽ | 4,16,823.00 | 21. | ജീവനക്കാർക്ക് നൽകിയ ലോൺ | 1,95,000.00 |
| 22. | വിദേശ കറൻസി മാറിയത് | 53,480.00 | 22. | നോമ്പ് തുറക്കൽ | 4,82,689.00 |
| 23. | സ്വർണ്ണംവിറ്റുവരവ് | 16,820.00 | 23. | നബിദിനാഘോഷം | 1,18,386.00 |
| 24. | കടുക്കച്ചുവട് മദ്രസ്സ | 13,862.00 | 24. | മെസ്സ് | 2,84,120.00 |
| 25. | വിശ്രമകേന്ദ്രം | 3,23,760.00 | 25. | മദ്രസ്സ ട്യൂഷൻ | 4,24,010.00 |
| 26. | പുരനിർമ്മാണം, ബക്കറ്റ് കളക്ഷൻ | 3,56,994.00 | 26. | വിശ്രമകേന്ദ്രം | 5,170.00 |
| 27. | തബ്ശീറുൽ ഇസ്ലാം മദ്രസ്സ | 19,070.00 | 27. | പെയിന്റിംഗ് | 55,925.00 |
| 28. | ആംബുലൻസ് | 3,000.00 | 28. | പുരപണി സഹായം | 7,48,000.00 |
| 30. | ടി.കെ.എസ്. പുരം മദ്രസ്സ | 13,780.00 | 29. | തബ്ശീറുൽ ഇസ്ലാം മദ്രസ്സ | 7,600.00 |
| 31. | വഖ്ഫ് ബോർഡ് പ്രളയദുരിതാശ്വാസം | | 30. | ആംബുലൻസ് | 34,940.00 |
| | മൂന്ന് മദ്രസ്സകൾക്ക് | 56,875.00 | 31. | കടുക്കച്ചുവട് മദ്രസ്സ | 28,300.00 |
| 32. | ഇലക്ഷൻ | 525.00 | 32. | ടി.കെ.എസ്. പുരം മദ്രസ്സ | 42,319.00 |
| 33. | ദുരിതാശ്വാസഫണ്ട് | 6,49,890.00 | 33. | ടെലഫോൺ | 20,803.00 |
| 34. | ഹവിൽദാർ വസന്തകുമാറിന്റെ | | 34. | പെൻഷൻ പദ്ധതി | 2,09,400.00 |
| | മക്കളുടെ പഠനസഹായം | 50,000.00 | 35. | പത്രം | 6,264.00 |
| | | | 36. | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | 98,148.00 |

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2018-2019

| നമ്പർ | വരവ് | സംഖ്യ | നമ്പർ | ചെലവ് | സംഖ്യ |
|---|---|---|---|---|---|
| | B/F | 1,68,43,850.00 | | B/F | 1,32,56,457.00 |
| | | | 37. | ഹെറിറ്റേജ് മസ്ജിദ് പുനരുദ്ധാരണം | 43,732.00 |
| | | | 38. | നിർമ്മാണപ്രവർത്തനം- സമൂഹവിവാഹ | |
| | | | | ഫണ്ടിലേക്ക് അഡ്വാൻസ് തിരിച്ച് നൽകിയത് | 12,50,000.00 |
| | | | 39. | ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന | 6,000.00 |
| | | | 40. | വി.ഐ.പി. സന്ദർശനം | 19,245.00 |
| | | | 41. | ചികിത്സാ സഹായം | 2,011,90.00 |
| | | | 42. | യാത്രാ ചിലവ് | 31,450.00 |
| | | | 43. | ഉഴുവത്ത്കടവ് മസ്ജിദ് | 50,000.00 |
| | | | 44. | കാവിൽകടവ് മസ്ജിദ് | 2,42,857.00 |
| | | | 45. | ലോകമലേശ്വരം മദ്രസ്സ | 31,532.00 |
| | | | 46. | താലൂക്ക് ഹോസ്പിറ്റൽ | 30,000.00 |
| | | | 47. | ചരിത്രപുസ്തകം പ്രിന്റിംഗ് | 64,800.00 |
| | | | 48. | മസ്ജിദ് ഇത്ഹാദ് | 3,09,627.00 |
| | | | 49. | ഹവിൽദാർ വസന്തകുമാറിന്റെ | |
| | | | | മക്കളുടെ പഠനസഹായം | 50,000.00 |
| | | | 50. | പ്രളയദുരിതാശ്വാസം | 6,47,640.00 |
| | | | 51. | ഇലക്ഷൻ | 2,700.00 |
| | | | | | |
| | ആകെ വരവ് | 1,68,43,850.00 | | ആകെ ചെലവ് | 1,62,37,230.00 |
| | Opening Cash Balance 01-04-18 | 3,914.00 | | Closing Cash Balance 31-03-19 | 53,082.00 |
| | Opening Bank Balance 01-04-18 | 11,29,904.00 | | Closing Bank Balance 31-03-19 | 16,87,356.00 |
| | | 1,79,77,668.00 | | | 1,79,77,668.00 |

## CHERAMAN JUMA MASJID, KODUNGALLUR

Bank Report as on 31.03.2019

| S.L. No. | Bank Name | Account No. | Amount |
|---|---|---|---|
| 1. | Town Co-operative Bank Evening Branch | 1654 | 2,490.00 |
| 2. | Indian Bank | 512068809 | 12,567.00 |
| 3. | Methala Service Bank | 2766 | 13,40,841.00 |
| 4. | Canara Bank | 136359 | 5,792.00 |
| 5 . | HDFC, Kottappuram | 15441770000010 | 32,063.00 |
| 6 . | Federal Bank | 13880100108992 | 2,93,603.00 |
| | **Total** | | **16,87,356.00** |

ഓഡിറ്റേഴ്സ്

**അബ്ദുൽ കരീം ടി.കെ.** (ഒപ്പ്) **സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

# ചേരമാൻ ജുമാ മസ്ജിദ് ഭരണസമിതി

## വുളുഹിയത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2018-2019

| | | | |
|---|---|---|---|
| ഷെയർ വിഹിതം | 5,19,001.00 | പ്രളയദുരിതാശ്വാസ നിധിയിലേക്ക് | |
| മുൻ ബാലൻസ് | 548.40 | നൽകിയ സംഖ്യ | 5,13,000.00 |
| | | നീക്കിയിരിപ്പ് | 6,549.40 |
| | | | |
| | | | |
| **ആകെ** | **5,19,549.40** | **ആകെ** | **5,19,549.40** |

## സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2018-2019

| | | | |
|---|---|---|---|
| സക്കാത്ത് ശേഖരണം | 5,20,882.00 | സക്കാത്ത് വിതരണം 361 x 500 | 1,80,500.00 |
| | | 6 പേർക്ക് പുരപണി സഹായം | 2,35,000.00 |
| | | 2 പേർക്ക് ചികിത്സാ സഹായം | 9,382.00 |
| | | 2 പേർക്ക് ബാങ്ക് ജപ്തി ഒഴിവാക്കാൻ സഹായിച്ചത് | 96,000.00 |
| **ആകെ** | **5,20,882.00** | **ആകെ** | **5,20,882.00** |

## ഫിത്തർ സക്കാത്ത് വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2018-2019

| | | | |
|---|---|---|---|
| ഫിത്വർ സക്കാത്ത് ശേഖരണം | 1,26,600.00 | അരി വില | 1,17,849.00 |
| ചാക്ക് വിൽപ്പന | 200.00 | അരി ഇറക്കിയ കൂലി, വാഹന വാടക | 2,250.00 |
| മുൻ ബാലൻസ് | 99.00 | കിറ്റ്, പാക്കിംഗ് | 4,760.00 |
| | | ഓട്ടോ കൂലി | 1,700.00 |
| | | നീക്കിയിരിപ്പ് സംഖ്യ | 340.00 |
| **ആകെ** | **1,26,899.00** | **ആകെ** | **1,26,899.00** |

## സമൂഹ വിവാഹം വരവ് ചെലവ് സ്റ്റേറ്റ്മെന്റ് 2018-2019

| | | | |
|---|---|---|---|
| മഹല്ല് ഫണ്ടിൽ നിന്നും അഡ്വാൻസ് തിരിച്ചുവരവ് | 12,50,000.00 | 14 കുട്ടികളുടെ വിവാഹത്തിനുള്ള സഹായം | 12,50,000.00 |
| ബാങ്ക് ആദായം | 4,744.00 | ക്ലോസിംഗ് ബാങ്ക് ബാലൻസ് 31-3-2019 | 1,61,683.00 |
| ഓപ്പണിംഗ് ബാങ്ക് ബാലൻസ് 1-04-2018 | 1,46,058.00 | | |
| ഓപ്പണിംഗ് ക്യാഷ് ബാലൻസ് 1-04-2018 | 10,881.00 | | |
| | | | |
| | | | |
| | | | |
| **ആകെ** | **14,11,683.00** | **ആകെ** | **14,11,683.00** |
| | | | |
| | | | |

ഓഡിറ്റേഴ്സ്

**അബ്ദുൽ കരീം ടി.കെ.** (ഒപ്പ്) **സി.എ. അബ്ദുൾ റഷീദ്** (ഒപ്പ്)

| | ബഡ്ജറ്റ് വിശകലനം 2018 – 2019 | | | | | ബഡ്ജറ്റ് 2019 – 2020 | |
|---|---|---|---|---|---|---|---|
| | ഇനം | പ്രതീക്ഷിച്ച വരവ് | യഥാർത്ഥ വരവ് | പ്രതീക്ഷിച്ച ചെലവ് | യഥാർത്ഥ ചെലവ് | പ്രതീക്ഷിക്കുന്ന വരവ് | പ്രതീക്ഷിക്കുന്ന ചെലവ് |
| 1 | സംഭാവന | 30,00,000 | 32,90,311 | | | 33,00,000 | |
| 2 | ഭണ്ഡാരം | 36,00,000 | 34,61,975 | | | 35,00,000 | |
| 3 | മഖ്ബറ | 34,00,000 | 33,93,213 | | | 34,00,000 | |
| 4 | ലേലം | 2,50,000 | 1,77,840 | | | 2,00,000 | |
| 5 | വെളിച്ചെണ്ണ വിറ്റ് വരവ് | 2,50,000 | 1,94,247 | | | 2,00,000 | |
| 6 | പറമ്പ് | | | | | | |
| 7 | നോമ്പ്തുറക്കൽ | 4,75,000 | 4,16,823 | 4,75,000 | 4,82,689 | 4,75,000 | 4,75,000 |
| 8 | വാടക | 28,00,000 | 28,85,040 | | | 28,00,000 | |
| 9 | വരിസംഖ്യ | 3,00,000 | 3,41,505 | | | 4,00,000 | |
| 10 | വിവാഹഫീസ് | 50,000 | 32,000 | | | 35,000 | |
| 11 | മെമ്പർഷിപ്പ് ഫീസ് | 1,000 | 800 | | | 1,000 | |
| 12 | വിവാഹഫോറം | 1,000 | 640 | | | 700 | |
| 13 | സർഫിക്കറ്റ് ഫീസ് | 2,000 | 1,350 | | | 1,500 | |
| 14 | റാത്തീബ് | 40,000 | 12,453 | 35,000 | 22,387 | 15,000 | 30,000 |
| 15 | പൊതുതാല്പര്യഫണ്ട് | 30,000 | 24,982 | | | 30,000 | |
| 16 | മദ്രസ്സകൾ | 1,00,000 | 78,192 | 12,00,000 | 12,43,735 | 1,00,000 | 12,00,000 |
| 17 | മസ്ജിദ് | | | 11,00,000 | 10,79,064 | | 11,00,000 |
| 18 | ശമ്പളം, അലവൻസ് | | | 65,00,000 | 60,21,555 | | 65,00,000 |
| 19 | ഇലക്ട്രിസിറ്റി | | | 2,50,000 | 2,61,802 | | 2,75,000 |
| 20 | ടെലഫോൺ | | | 20,000 | 20,803 | | 22,000 |
| 21 | യാത്ര | | | 30,000 | 31,450 | | 35,000 |
| 22 | മദ്രസ്സ ഗ്രാന്റ് | | | 3,30,000 | 4,26,000 | | 4,50,000 |
| 23 | ചികിത്സാ സഹായം | | | 2,25,000 | 2,01,190 | | 2,50,000 |
| 24 | വിവാഹ സഹായം | | | 1,50,000 | 95,000 | | 1,50,000 |
| 25 | പുരപണി സഹായം | 4,00,000 | 3,56,994 | 7,00,000 | 7,48,000 | | 5,00,000 |
| 26 | പഠന സഹായം | | | 4,00,000 | 2,84,525 | | 4,00,000 |
| 27 | പോസ്റ്റ് പ്രിന്റിംഗ് സ്റ്റേഷനറി | | | 1,00,000 | 98,148 | | 1,00,000 |
| 28 | മെസ്സ് | | | 3,00,000 | 2,84,120 | | 3,00,000 |
| 29 | നബിദിനാഘോഷം | | | 1,15,000 | 1,18,386 | | 1,20,000 |
| 30 | ഉഴുവത്ത്കടവ് മസ്ജിദ് | | | 50,000 | 50,000 | | |
| 31 | മഹല്ല് പൊതുയോഗം | | | 60,000 | 65,595 | | 65,000 |
| 32 | കേരള വഖഫ് ബോർഡ് | | | 1,50,000 | 1,74,837 | | 2,00,000 |
| 33 | നികുതി | | | 2,50,000 | 1,78,382 | | 2,00,000 |
| 34 | ചെക്ക് കമ്മീഷൻ | | | 500 | 409 | | 500 |
| 35 | മരണാനന്തര സഹായഫണ്ട് | 3,50,000 | 3,69,015 | 3,75,000 | 3,29,545 | 3,75,000 | 3,75,000 |
| 36 | പത്രം | | | 1,500 | 8,264 | | 1,500 |
| 37 | ചരിത്രപുസ്തകം | 30,000 | 18,120 | 1,00,000 | | 25,000 | 1,00,000 |
| 38 | വിശ്രമകേന്ദ്രം | 3,00,000 | 3,23,760 | 15,000 | 5,170 | 3,50,000 | 15,000 |
| 39 | മഹല്ലംഗങ്ങൾക്കല്ലാത്ത സഹായം | | | 50,000 | 28,500 | | 50,000 |
| 40 | മദ്രസ്സ ട്യൂഷൻ | | | 4,00,000 | 4,24,010 | | 4,50,000 |
| 41 | ബിൽഡിംഗ് മെയിന്റനൻസ് | | | 2,00,000 | 26,005 | | 2,00,000 |
| 42. | പെൻഷൻ | | | 3,00,000 | 2,09,400 | | 3,00,000 |
| 43. | വിദേശകറൻസി, സ്വർണ്ണം വിൽപ്പന | 1,00,000 | 70,300 | | | 1,00,000 | |
| 44. | സമൂഹവിവാഹം - തിരിച്ചുനൽകൽ | | | 13,00,000 | 12,50,000 | | 50,000 |
| 45. | ഹെൽത്ത് കെയർ & താലൂക്ക് ഹോസ്പിറ്റൽ | | | | | | 36,000 |
| 46. | ആംബുലൻസ് | | | | | | 30,000 |
| 47. | അഞ്ചപ്പാലം മദ്രസ്സ &മസ്ജിദ് | | | | | | 10,00,000 |
| | കരുതൽ സംഖ്യ | | | | | | 32,82,000 |
| | ആകെ | | | | | 1,53,08,200 | 1,53,08,200 |

# അറിയിപ്പ്

## വിദ്യാഭ്യാസ അവാർഡ്

മഹല്ലിന്റെ വിദ്യാഭ്യാസ അവാർഡുകൾ 26.05.2019 ൽ കൂടുന്ന മഹല്ല് വാർഷിക പൊതുയോഗത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. എസ്.എസ്.എൽ.സി., പ്ലസ്ടു തുടങ്ങിയ കോഴ്സുകളിൽ മഹല്ലിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾ വിദ്യാഭ്യാസ അവാർഡിനായുള്ള അപേക്ഷകളും, മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഉൾപ്പെടെ 21.05.2019 ന് മുമ്പായി മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്

എസ്.എസ്.എൽ.സി. കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മഹല്ല് കമ്മറ്റി നൽകി വരുന്ന സ്കോളർഷിപ്പിനുള്ള അപേക്ഷകൾ 15-07-2019 ന് മുമ്പ് മഹല്ല് കമ്മറ്റി ഓഫീസിൽ നൽകേണ്ടതാണ്. അപേക്ഷകർ അവസാനമെഴുതിയ പൊതുപരീക്ഷയുടെ മാർക്ക് ലിസ്റ്റും പഠിക്കുന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷകളിൽ കമ്മറ്റി മെമ്പറുടെ റിപ്പോർട്ടും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. **മഹല്ല് കമ്മറ്റി നടത്തി വരുന്ന സൺഡേ ക്ലാസിൽ മുടങ്ങാതെ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിയാൽ മതിയെന്ന് കമ്മറ്റി തീരുമാനിച്ചിട്ടുള്ളതും ആയത് നിർബന്ധമായി നടപ്പിലാക്കി വരുന്നതാണെന്നും അറിയിക്കുന്നു.**

## സൗജന്യ സ്കൂൾ ട്യൂഷൻ

മഹല്ലിന്റെ സൗജന്യ സ്കൂൾ ട്യൂഷൻ 10-05-2018 മുതൽ ആരംഭിച്ചിട്ടുണ്ട്. താല്പര്യമുള്ള രക്ഷിതാക്കൾ മഹല്ല് കമ്മറ്റി ഓഫീസുമായി ബന്ധപ്പെട്ട് കുട്ടികളെ ക്ലാസ്സിലെത്തിക്കേണ്ടതാണ്.

## വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്

**മഹല്ല് പൊതുയോഗ തീരുമാനപ്രകാരമുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് ക്ലാസ്സുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും മ്യൂസിയം ഹാളിൽ നടന്നു വരുന്നുണ്ട്. 3 ക്ലാസുകളിലെങ്കിലും പങ്കെടുക്കാത്തവർക്ക് വിവാഹഫോറം, നൽകേണ്ടതില്ലെന്ന് മഹല്ല് പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ടവർ ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.**

**മഹല്ലിലേക്ക് നൽകേണ്ട വരിസംഖ്യ, മരണാനന്തര സഹായ നിധി എന്നിവയിൽ പല അംഗങ്ങളും വളരെയധികം സംഖ്യ കുടിശ്ശിക വരുത്തിയിട്ടുള്ളതാണ്. അംഗങ്ങൾ അവരുടെ കുടിശ്ശിക എത്രയും വേഗം അടച്ച് തീർത്ത് ബാധ്യതകളിൽ നിന്ന് ഒഴിവാകേണ്ടതാണ്. മഹല്ലിലേക്ക് നൽകുന്ന അപേക്ഷകൾക്ക് മുമ്പായി കുടശ്ശിക തീർത്തിരിക്കേണ്ടതാണ്.**

സാമ്പത്തിക ഭദ്രതയുള്ള മഹല്ല് അംഗങ്ങളുടെ വീടുകളിൽ നടക്കുന്ന വിവാഹങ്ങൾക്കുള്ള അനുമതിപത്രം മഹല്ല് കമ്മറ്റി ഓഫീസിൽ നിന്നും വാങ്ങുന്ന മുറക്ക് മഹല്ല് പൊതുയോഗം നിശ്ചയിച്ചിട്ടുള്ളത് പ്രകാരം വിവാഹ സെസ്സ് കൂടി ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്.

**എസ്.എ. അബ്ദുൽ കയ്യൂം** (ഒപ്പ്)
സെക്രട്ടറി, ചേരമാൻ മഹല്ല് കമ്മറ്റി

# INEFFABLE GRATITUDE



ഒരു സമൂഹത്തിനെ സമാശ്വസിപ്പിച്ചതിന്...
പ്രതീക്ഷ നൽകിയതിന്...
ലോകത്തിന് മാതൃകയായതിന്...
നന്ദി, ഹൃദയം നിറഞ്ഞ നന്ദി !!

## CHERAMAN JUMA MASJID

(THE FIRST JUMA MASJID IN INDIAN SUB CONTINENT)

**Cheraman Nagar, Kodungallur - 680 664, Thrissur Dt., Kerala, India**

Website : www.cheramanmosque.com | www.cheramanjumamasjid.com
E-mail : cheramanmasjid@gmail.com

Phone: 0480 - 280 3170,+91 82 89 84 3170